Deivarajyam February 2015
● R.N.7623/63
Registered No. KL/ALY/0020/2014-2016 ● R.N. 7623/1963
Date of publication: 1/2/2015
● Posted at Thodupuzha Stg.
Annual Subscription Rs. 75.00

EPARCHY OF KOTHAMANGALAM

# ദൈവരാജ്യം

## കോതമംഗലം രൂപത ബുള്ളറ്റിൻ

LOVE NEVER ENDS







വാല്യം 54
ഫെബ്രുവരി 2015
ലക്കം 2

Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

# ആദരാഞ്ജലികളോടെ...

## ദൈവസന്നിധിയിൽ 33 വർഷം



## മാർ മാത്യു പോത്തനാമൂഴി

**2015 ഫെബ്രുവരി 06**

അഭിവന്ദ്യ പിതാവിനുവേണ്ടി 06 – 02 – 2015 വെള്ളിയാഴ്ച രാവിലെ
7.00 മണിയ്ക്ക് കോതമംഗലം സെന്റ് ജോർജ് കത്തീഡ്രലിൽ
അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ
മുഖ്യകാർമികത്വത്തിൽ സമൂഹബലിയും
തിരുക്കർമ്മങ്ങളും ഉണ്ടായിരിക്കുന്നതാണ്.

പാവനസ്മരണകളോടെ
കോതമംഗലം രൂപത

# ദൈവരാജ്യം

OFFICIAL ORGAN OF THE EPARCHY OF KOTHAMANGALAM

Vol. LIV No.2 February 2015


## ലോകരോഗീദിനസന്ദേശം

## 11 ഫെബ്രുവരി 2015

### ഇരുപത്തിമൂന്നാം ലോകരോഗീദിനത്തോടനുബന്ധിച്ച് ഫ്രാൻസിസ് മാർപാപ്പാ നല്കുന്ന സന്ദേശം

### ഹൃദയജ്ഞാനം

**"ഞാൻ കുരുടനു കണ്ണുകളും മുടന്തനു കാലുകളുമായിരുന്നു" (ജോബ് 29:15)**

പ്രിയ സഹോദരീസഹോദരന്മാരേ,

വിശുദ്ധ ജോൺ പോൾ 2-ാമൻ ആരംഭിച്ച ലോകരോഗീദിനാചരണത്തിന്റെ 23-ാം ആചരണമാണ് ഈ വർഷം നടക്കുന്നത്. ഈ സന്ദർഭത്തിൽ, രോഗത്താൽ ഭാരപ്പെട്ടവരും സഹിക്കുന്ന ക്രിസ്തുവിന്റെ ശരീരവുമായി വിവിധ രീതികളിൽ ഐക്യപ്പെട്ടവരുമായ നിങ്ങളിലേക്കും ആരോഗ്യ ശുശ്രൂഷാമണ്ഡലത്തിലെ വിദഗ്ദ്ധരിലേക്കും സന്നദ്ധസേവനം ചെയ്യുന്നവരിലേക്കും എന്റെ ശ്രദ്ധ തിരിക്കുന്നു.

ഈ വർഷത്തെ പ്രമേയം ജോബിന്റെ ഗ്രന്ഥത്തിലെ ഒരു വാചകത്തെപ്പറ്റി ചിന്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. "ഞാൻ കുരുടന് കണ്ണുകളും മുടന്തനു കാലുകളുമായിരുന്നു" (ജോബ് 29:15) എന്നതാണ് ആ വാചകം. ഹൃദയജ്ഞാനം (Sapientia Cordis) എന്നതിന്റെ അടിസ്ഥാനത്തിൽ ഈ വാചകത്തെപ്പറ്റി പര്യാലോചിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

1. ഈ "ജ്ഞാനം" സിദ്ധാന്തപരവും അമൂർത്തവുമായ അറിവല്ല. യുക്തിവിചാരത്തിന്റെ ഫലമല്ല. വിശുദ്ധ യാക്കോബ് തന്റെ ലേഖനത്തിൽ വിവരിക്കുന്നതുപോലെ, "വിശുദ്ധവും സമാധാനപൂർണവും വിനീതവും വിധേയത്വമുള്ളതും കാരുണ്യവും സത്ഫലങ്ങളും നിറഞ്ഞതുമാണ്"(യാക്കോ 3:17). സഹോദരീസഹോദരന്മാരുടെ വേദനകൾ അറിയുകയും അവരിൽ ദൈവത്തിന്റെ പ്രതിഛായ കാണുകയും ചെയ്യുന്നവരുടെ മനസ്സുകളിൽ പരിശുദ്ധാത്മാവ് നിക്ഷേപിച്ചിരിക്കുന്ന കാര്യങ്ങൾ കാണുന്ന ഒരു രീതിയാണത്. അതുകൊണ്ട് നമുക്കു സങ്കീർത്തകന്റെ പ്രാർത്ഥന ഏറ്റുചൊല്ലാം: "ഞങ്ങളുടെ ആയുസ്സിന്റെ ദിനങ്ങൾ എണ്ണാൻ ഞങ്ങളെ പഠിപ്പിക്കണമേ. ഞങ്ങളുടെ ഹൃദയം ജ്ഞാനപൂർണമാകട്ടെ" (സങ്കീ 90:12). ദൈവദാനമാകുന്ന ഹൃദയജ്ഞാനം ലോകരോഗീദിനത്തിന്റെ ഫലങ്ങളുടെ സംഗ്രഹമാണ്.



2. ഹൃദയജ്ഞാനമെന്നത് നമ്മുടെ സഹോദരീസഹോദരന്മാർക്ക് സേവനം ചെയ്യുകയെന്നതാണ്. "ഞാൻ കുരുടന്മാർക്കു കണ്ണുകളും മുടന്തനു കാലുകളുമായിരുന്നു" എന്ന ജോബിന്റെ വാക്കുകൾ നീതിമാനായ ആ മനുഷ്യൻ ആവശ്യത്തിൽപ്പെട്ടവർക്കു ചെയ്ത സേവനത്തെ സൂചിപ്പിക്കുന്നു. നഗരത്തിലെ ശ്രേഷ്ഠന്മാരുടെയിടയിൽ അധികാരവും സ്ഥാനവും പ്രാധാന്യവുമുള്ള വ്യക്തിയായിരുന്നു ജോബ്. സഹായം അന്വേഷിച്ചവർക്കു നല്കിയ സഹായത്തിലും അനാഥർക്കും വിധവകൾക്കും ചെയ്ത സേവനത്തിലും അദ്ദേഹത്തിന്റെ ധാർമ്മിക മഹിമ പ്രകടമായി (ജോബ് 29:12-13).

ഇന്നും എത്രയോ ക്രൈസ്തവർ കുരുടന്മാർക്കു കണ്ണുകളും മുടന്തനു കാലുകളും ആണ് തങ്ങൾ എന്ന് കാണിക്കുന്നുണ്ട്. വാക്കുകൾ കൊണ്ടല്ല യഥാർത്ഥവിശ്വാസത്തിൽ വേരുറച്ച ജീവിതംകൊണ്ട് അവർ അങ്ങനെ ചെയ്യുന്നു. അവർ രോഗികളോട് ഉറ്റബന്ധം പുലർത്തുന്നു. സ്ഥിരം ശുശ്രൂഷ ചെയ്യുന്നു. അലക്കാനും വസ്ത്രം അണിയാനും ഭക്ഷണം കഴിക്കാനുമുള്ള സ്ഥിരമായ ആവശ്യങ്ങളിൽ സഹായിക്കുന്നു. ഈ സേവനം സുദീർഘമാകുമ്പോൾ അത് ക്ഷീണമുണ്ടാക്കുന്നതും ഭാരപ്പെട്ടതുമാകാം. ആരെയെങ്കിലും കുറച്ചു ദിവസത്തേക്ക് സഹായിക്കുകയെന്നത് സാധാരണഗതിയിൽ എളുപ്പമാണ്. എന്നാൽ ഒരാളെ മാസങ്ങളോളം അല്ലെങ്കിൽ വർഷങ്ങളോളം ശുശ്രൂഷിക്കുകയെന്നത് പ്രയാസമുള്ള കാര്യമാണ്. ചിലപ്പോൾ ശുശ്രൂഷിക്കപ്പെടുന്ന വ്യക്തി നന്ദി പ്രകാശിപ്പിക്കാൻ കഴിവില്ലാത്ത വ്യക്തിയായിരിക്കും. എന്നാലും ഇത് വിശുദ്ധീകരണത്തിന്റെ എത്രയോ മഹത്തായ ഒരു പാതയാണ്! പ്രയാസം നിറഞ്ഞ ആ നിമിഷങ്ങളിൽ കർ

ത്താവുമായുള്ള ദൃഢബന്ധത്തിൽ നമുക്ക് ആശ്രയിക്കാം. നമ്മൾ സഭയുടെ ദൗത്യത്തെ പിന്തുണയ്ക്കുന്ന സവിശേഷ ഉപാധികളായി മാറും.

3. ഹൃദയജ്ഞാനമെന്നതിന്റെ അർത്ഥം നമ്മുടെ സഹോദരീസഹോദരന്മാരുടെ കൂട്ടത്തിലായിരിക്കുകയെന്നാണ്. രോഗികളോടൊപ്പം ചെലവഴിക്കുന്ന സമയം വിശുദ്ധസമയമാണ്. തന്റെ പുത്രന്റെ പ്രതിഛായയോട് നമ്മെ അനുരൂപരാക്കുന്ന ദൈവത്തെ സ്തുതിക്കാനുള്ള ഒരു വഴിയാണത്. ആ ദൈവപുത്രൻ വന്നത് "ശുശ്രൂഷിക്കപ്പെടാനല്ലാതെ ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി ജീവൻ കൊടുക്കാനും വേണ്ടിയാണ്" (മത്താ 20:28). യേശു തന്നെ ഇങ്ങനെ പറഞ്ഞു: "ഞാൻ നിങ്ങളുടെയിടയിൽ പരിചരിക്കുന്നവനെപ്പോലെയാണ്" (ലൂക്കാ 22:27).

ഈ സഹോദരീസഹോദരന്മാരോടൊപ്പം സമയം ചെലവഴിക്കണം. മിക്കപ്പോഴും പ്രശംസിക്കപ്പെടാത്ത ആ സന്മനസ്സിന്റെ മൂല്യം വിലമതിക്കപ്പെടണം. അതിനുവേണ്ട കൃപാവരത്തിനായി പരിശുദ്ധാത്മാവിനോട് സജീവവിശ്വാസത്തോടെ നമുക്കു പ്രാർത്ഥിക്കാം. ഗൗരവമുള്ള ജീവിതം ജീവിക്കത്തക്കതല്ലെന്നു ആളുകൾ ചിന്തിക്കാൻ ഇടയാക്കുന്നവിധം "ജീവിതത്തിന്റെ ഗുണമേന്മ"യുടെ പ്രാധാന്യത്തെ ഊന്നിപ്പറയുന്ന തരത്തിലുള്ള ശൈലികളിൽ നുണ ഒളിച്ചിരിപ്പുണ്ടെന്ന് നാം അറിയണം.

4. ഹൃദയജ്ഞാനം എന്നതിന്റെ അർത്ഥം നമ്മുടെ സഹോദരീസഹോദരന്മാരിലേക്ക് നമ്മിൽനിന്നു പുറത്തേക്കുപോകുകയെന്നാണ്. രോഗികളുടെ കിടക്കയ്ക്കരുകിൽ സമയം ചെലവഴിക്കുന്നതിന്റെ പ്രത്യേക പ്രാധാന്യം ചിലപ്പോഴെല്ലാം നമ്മുടെ ലോകം മറന്നുപോകുന്നു. കാരണം നമ്മൾ വളരെ തിരക്കുള്ളവരാണ്. പ്രവൃത്തിയുടെയും ഉത്പാദനത്തിന്റെയും ഭ്രാന്തുപിടിച്ച് നമ്മെത്തന്നെ സ്വതന്ത്രമായി വിട്ടുകൊടുക്കാൻ നാം മറന്നുപോകുന്നു. മറ്റുള്ളവരെ ശുശ്രൂഷിക്കാനും മറ്റുള്ളവരുടെ ഉത്തരവാദിത്വം ഏറ്റെടുക്കാനും മറന്നുപോകുന്നു. ഈ മനോഭാവത്തിനു പിന്നിൽ മന്ദോഷ്ണമായ വിശ്വാസമാണുള്ളത്. "അതു നീ എനിക്കുവേണ്ടി ചെയ്തതാണ്" (മത്താ 25:40) എന്ന കർത്താവിന്റെ വാക്കുകൾ ആ വിശ്വാസം മറന്നിരിക്കുന്നു.

ഇക്കാരണത്താൽ, "നമ്മുടെ സഹോദരീസഹോദരന്മാരിലേക്ക് ബഹിർഗമിക്കുകയെന്നതിന്റെ തികഞ്ഞ മുൻഗണനയെക്കുറിച്ച് വീണ്ടും



ഊന്നിപ്പറയാൻ ഞാൻ ആഗ്രഹിക്കുന്നു. മഹത്തായ രണ്ടു കല്പനകളിൽ ഒന്നാണത്. അത് എല്ലാ ധാർമ്മിക നിയമങ്ങളുടെയും അടിസ്ഥാനമാണ്. ദൈവത്തിന്റെ തികഞ്ഞ സൗജന്യദാനത്തോടു പ്രത്യുത്തരിച്ചുകൊണ്ടുള്ള ആധ്യാത്മിക വളർച്ചയെ തിരിച്ചറിയാനുള്ള ഏറ്റവും വ്യക്തമായ അടയാളവുമാണത്" (സുവിശേഷത്തിന്റെ സന്തോഷം 179). "മനസ്സിലാക്കുകയും സഹായിക്കുകയും വളർത്തുകയും ചെയ്യുന്ന കാര്യക്ഷമമായ പരസ്നേഹത്തിന്റെയും സഹതാപത്തിന്റെയും" (അവിടെത്തന്നെ) ഉറവിടമാണ്. സഭയുടെ പ്രേഷിതത്വപരമായ സ്വഭാവം.

5. ഹൃദയജ്ഞാനം എന്നതിന്റെ അർത്ഥം നമ്മുടെ സഹോദരീസഹോദരന്മാരെ വിധിക്കാതെ അവരോട് ഐക്യദാർഢ്യം കാണിക്കുകയെന്നതാണ്. പരോപകാരപ്രവൃത്തികൾക്ക് വളരെയേറെ സമയം വേണം. രോഗികളെ ശുശ്രൂഷിക്കാനും അവരെ സന്ദർശിക്കാനും സമയം വേണം. ജോബിന്റെ സുഹൃത്തുക്കളെപ്പോലെ അവരുടെ അടുത്തിരിക്കാൻ സമയം വേണം: "അവന്റെ പീഡകൾ അതികഠിനമെന്നുകണ്ട് ഒരക്ഷരം സംസാരിക്കാനാവാതെ ഏഴുരാവും പകലും അവർ അവനോടൊപ്പം നിലത്തിരുന്നു" (ജോബ് 2:13). എന്നാലും ജോബിന്റെ കൂട്ടുകാർ അദ്ദേഹത്തിനെതിരേ വിധിപ്രസ്താവന നടത്തി. ജോബിന് അദ്ദേഹത്തിന്റെ പാപംമൂലമുണ്ടായ ദൈവശിക്ഷ ദൗർഭാഗ്യമെന്നു അവർ കരുതി. വിധി പറയാതെ പങ്കുചേരലാണ് യഥാർത്ഥ പരസ്നേഹം. അത് മറ്റുള്ളവരുടെ മാനസാന്തരം ആവശ്യപ്പെടുന്നില്ല. ഉള്ളിന്റെയുള്ളിൽ പ്രശംസിക്കപ്പെടാൻ ആഗ്രഹിക്കുകയും ചെയ്യുന്ന എല്ലാ നന്മപ്രവർത്തികളെയും കുറിച്ച് സ്വയംകൃതാർത്ഥമായിരിക്കുകയും ചെയ്യുന്ന തെറ്റായ വിനീതഭാവത്തിൽനിന്നും അത് സ്വതന്ത്രമായിരിക്കും.

ജോബിന്റെ പീഡാസഹനം അതിന്റെ ശരിയായ ഉത്തരം കണ്ടെത്തുന്നത് യേശുവിന്റെ കുരിശിൽ മാത്രമാണ്. ദൈവത്തിനു നമ്മോടുള്ള ദൃഢബന്ധത്തിന്റെ തികച്ചും സൗജന്യപരവും കരുണനിറഞ്ഞതുമായ ബന്ധത്തിന്റെ പരമമായ പ്രവൃത്തിയാണ് യേശുവിന്റെ പീഡാസഹനം. മാനുഷികവേദനയോടുള്ള പ്രത്യേകിച്ച് നിഷ്കളങ്കരുടെ വേദനയോടുള്ള സ്നേഹപൂർണമായ പ്രത്യുത്തരമാണത്. ഉത്ഥിതനായ ക്രിസ്തുവിന്റെ ശരീരത്തിൽ എന്നേക്കും മുദ്രിതമായി നിലകൊണ്ട മഹത്ത്വപൂർണമായ അവിടത്തെ മുറിവുകൾ വിശ്വാസ

ത്തെ സംബന്ധിച്ച ഒരു ഉത്പ്പാണ്, എന്നാൽ വിശ്വാസത്തിന്റെ തെളിവു മാണ് (ജോൺ 23-ാമൻ, ജോൺ പോൾ 2-ാമൻ എന്നിവരുടെ വിശുദ്ധ പദവി പ്രഖ്യാപന സമയത്തു നടത്തിയ പ്രഭാഷണം, 27 ഏപ്രിൽ 2014, കാണുക).

രോഗം, ഏകാന്തത, അശക്തി എന്നിവ മൂലം മറ്റുള്ളവരിലേക്ക് എത്തിച്ചേരാൻ നമുക്കു പ്രയാസമുണ്ടാകാം. അപ്പോഴും സഹാനുഭാവം കൃപാവരം പങ്കുവയ്ക്കാനുള്ള സവിശേഷമാർഗമായിത്തീരും. ഹൃദയജ്ഞാനം നേടാനും അതിൽ വളരാനുമുള്ള ഒരു ഉറവിടമായി ത്തീരുകയും ചെയ്യും. ജോബിന് തന്റെ സഹനത്തിന്റെ അവസാന ത്തിൽ, "അങ്ങയെക്കുറിച്ച് ഞാൻ കേട്ടിട്ടേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ എന്റെ കണ്ണുകൾ അങ്ങയെ കാണുന്നു" (ജോബ് 42:5) എന്നു പറയാൻ കഴിഞ്ഞതെങ്ങനെയെന്ന് നാം മനസ്സിലാക്കും. സഹനത്തിന്റെ യും വേദനയുടെയും രഹസ്യത്തിൽ മുങ്ങിക്കിടക്കുന്ന ജനങ്ങൾ, ഇവയെ വിശ്വാസത്തിൽ സ്വീകരിക്കുമ്പോൾ വിശ്വാസത്തിന്റെ സജീവ സാക്ഷികളാകും. ആ വിശ്വാസം സഹനത്തിന്റെ പൂർണമായ അർത്ഥം ഗ്രഹിക്കാൻ കഴിയാത്തപ്പോഴും സഹനത്തെ ആശ്ലേഷിക്കാൻ കഴിവുള്ള വരാകും.

6. ഈ ലോകരോഗീദിനത്തെ ഞാൻ മറിയത്തിന്റെ മാതൃസഹ ജമായ സംരക്ഷണത്തിനു ഏല്പിക്കുന്നു. മനുഷ്യാവതാരം ചെയ്ത ജ്ഞാനത്തെ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ ഗർഭം ധരിച്ച് പ്രസവിച്ചവളാണു മറിയം.

ഓ മറിയമേ, ജ്ഞാനസിംഹാസനമേ, ഞങ്ങളുടെ അമ്മയെന്ന നിലയിൽ എല്ലാ രോഗികൾക്കും അവരെ സംരക്ഷിക്കുന്നവർക്കും വേണ്ടി മാധ്യസ്ഥ്യം വഹിക്കണമേ. സഹിക്കുന്ന ഞങ്ങളുടെ അയൽ ക്കാർക്കുവേണ്ടി ഞങ്ങൾ ചെയ്യുന്ന സേവനത്തിലൂടെയും ഞങ്ങളുടെ തന്നെ സഹാനുഭാവത്തിലൂടെയും യഥാർത്ഥ ഹൃദയജ്ഞാനം ഞങ്ങൾ സ്വീകരിക്കാനും അതിനെ വളർത്താനും വേണ്ട അനുഗ്രഹം ഞങ്ങൾക്കു നല്കണമേ.

നിങ്ങൾക്ക് എല്ലാവർക്കും വേണ്ടിയുള്ള ഈ പ്രാർത്ഥനയോടെ എന്റെ അപ്പസ്തോലികാശീർവാദം നല്കുന്നു

**ഫ്രാൻസിസ് മാർപാപ്പാ**

വത്തിക്കാനിൽ നിന്ന്, 3 ഡിസംബർ 2014

വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ സ്മരണാദിനം



Prot. No. 0089/2015

# സർക്കുലർ

സീറോ മലബാർസഭയുടെ മേജർ ആർച്ച്ബിഷപ്പ്
ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്ത
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും
മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലനശുശ്രൂഷയ്ക്ക്
ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

മനുഷ്യകുലത്തിന്റെ സുസ്ഥിതിക്കും ഭാവിക്കുമായി ദൈവം സ്ഥാപിച്ച നിർണ്ണായകവും അമൂല്യവുമായ കുടുംബത്തെക്കുറിച്ച് വിചി ന്തനം നടത്താൻ 2014 ഒക്ടോബർ 5 മുതൽ 19 വരെ റോമിൽ വച്ച് പരി ശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പായുടെ അദ്ധ്യക്ഷതയിൽ ഒരു അസാ ധാരണ സിനഡ് നടന്നത് മാധ്യമങ്ങളിലൂടെ നിങ്ങൾ അറിഞ്ഞ കാര്യമാ ണല്ലോ. ഇന്നത്തെ കുടുംബത്തെ അതിന്റെ സർവ്വ സങ്കീർണ്ണതകളോടും പ്രകാശങ്ങളോടും നിഴലുകളോടും കൂടി നോക്കിക്കാണുക, കുടുംബ ത്തെക്കുറിച്ച് നാളിതുവരെ സഭയ്ക്കു ലഭിച്ച വെളിപാടുകളെയും പ്രബോ ധനങ്ങളെയും മനസ്സിലാക്കുക, കുടുംബത്തോടുള്ള സഭയുടെയും സമൂ ഹത്തിന്റെയും സമർപ്പണത്തെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ എപ്ര കാരമാണ് നവീകരിക്കാൻ സാധിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ യാണ് അസാധാരണ സിനഡ് സമ്മേളിച്ചത്.

സ്ത്രീയും പുരുഷനും തമ്മിലുള്ള വിവാഹത്തിലെ പവിത്രമായ കൗദാശികബന്ധത്തിന്റെ മഹത്വത്തിനു കോട്ടം വരുത്തുന്ന സാമൂഹി കവും സാംസ്കാരികവുമായ പ്രശ്നങ്ങൾ വർദ്ധിച്ചുവരുന്നതായി സിനഡ് വിലയിരുത്തി. വിവാഹ മോചനം, വിവാഹപൂർവ്വ ലൈംഗിക ത, മിശ്രവിവാഹം, വിവാഹേതര കൂടിത്താമസം തുടങ്ങിയവ കുടുംബ ബന്ധത്തിന്റെ പവിത്രതയ്ക്കു സാരമായ ഭംഗം വരുത്തുന്നുണ്ട്. കുട്ടി കളെ വളർത്താനുള്ള പ്രയാസത്തിന്റെയും പുതിയ ജീവനെ സ്വാഗതം ചെയ്യാനുള്ള വൈമുഖ്യത്തിന്റെയും വാർദ്ധക്യത്തിലെത്തിയവരെ ഭാര മായി കരുതുന്ന ശൈലിയുടെയും ഒരു പ്രതിലോമ സംസ്കാരം നമ്മുടെ കുടുംബങ്ങളിൽ രൂപപ്പെട്ടുവരുന്നത് ദൂരവ്യാപകമായ ദോഷഫലങ്ങൾ ഉളവാക്കുമെന്നും സിനഡ് നിരീക്ഷിക്കുകയുണ്ടായി. വിവാഹബന്ധ ത്തിനു വെളിയിൽ ജനിക്കുന്ന കുഞ്ഞുങ്ങളും വിവാഹമോചനം നേടിയ ദമ്പതികളുടെ കുഞ്ഞുങ്ങളും സാമൂഹികവും ആത്മീയവുമായി അനുഭവി

ക്കുന്ന അരക്ഷിതാവസ്ഥ ഭീതിദമാണ്. സ്ത്രീകൾക്കെതിരെ വർദ്ധിച്ചു വരുന്ന അതിക്രമങ്ങളും കുടുംബഭദ്രതയിൽ ആശങ്ക ഉളവാക്കുന്നതാണ്.

സങ്കീർണ്ണമായ ഈ പ്രതിസന്ധികൾക്കെല്ലാമുള്ള ഉത്തരം മനുഷ്യാവതാരം ചെയ്ത ഈശോയിലേക്കു തിരിയുക എന്നതുമാത്രമാണെന്ന് പരി. പിതാവ് സിനഡിലെ തന്റെ ആമുഖപ്രഭാഷണത്തിൽ ചൂണ്ടിക്കാട്ടി. ദൈവം യോജിപ്പിച്ച ബന്ധമാകയാൽ വിവാഹബന്ധം അഭേദ്യവും അലംഘനീയവുമാണ് (മത്താ 19:8) എന്ന ഈശോയുടെ കാഴ്ചപ്പാടാണ് തിരുസ്സഭയുടെ വിവാഹദർശനത്തിന്റെ കാതൽ. ഈ കാഴ്ചപ്പാടനുസരിച്ച് ദമ്പതികൾ അന്യോന്യം ഭാരമായിട്ടല്ല ദൈവദാനമായിട്ടാണ് മനസ്സിലാക്കേണ്ടത്. കുടുംബത്തെക്കുറിച്ചുള്ള ദൈവികപദ്ധതി ആദ്യമായി വെളിപ്പെട്ടത് ആദിമാതാപിതാക്കളുടെ പറുദീസായിലെ കുടുംബത്തിലാണ്. ഫലപുഷ്ടിയുള്ളവരായി വർദ്ധിക്കുവാനുള്ള കൃപയും ദൈവം അവർക്കു നല്കി (ഉത്പത്തി 1:28). ദമ്പതികൾ ഒറ്റ ശരീരമായിത്തീരാനുള്ള ഈ ദൈവികാഹ്വാനത്തിന് ഭംഗം വന്നത് പാപം മൂലമാണ്. എവിടെയാണോ സ്വാർത്ഥപരമായ പാപം വർദ്ധിക്കുന്നത് അവിടെയാണ് വിവാഹവും കുടുംബജീവിതവും അപകടത്തിലാകുന്നത് എന്ന സനാതനമായ സന്ദേശമാണ് വിശുദ്ധഗ്രന്ഥം നല്കുന്നത്.

ഭദ്രമായ കുടുംബങ്ങളാണ് സഭയുടെ യഥാർത്ഥ അടിത്തറ എന്നതിനാൽ രണ്ടാം വത്തിക്കാൻ കൗൺസിൽ കുടുംബത്തെ ഗാർഹിക സഭ എന്നാണ് വിളിക്കുന്നത് (LG, 11). 2014-ലെ സിനഡിന്റെ മാർഗ്ഗരേഖ പ്രസ്താവിക്കുന്നതുപോലെ, സഭയൊന്നാകെ വിവാഹിതരായ ദമ്പതികളിലേക്ക് പ്രത്യാശയോടെ ഉറ്റുനോക്കുകയാണ്. ദമ്പതികളാകട്ടെ ഈശോയിലേക്കും ഉറ്റുനോക്കുന്നു. മനുഷ്യവംശത്തിന്റെ കൂട്ടായ്മയ്ക്കും നിലനില്പിനും കുടുംബം അടിസ്ഥാനപരമായ അനിവാര്യതയാണ് (LM, 22).

മാതാവും ഗുരുനാഥയുമായ സഭ മാമ്മോദീസ സ്വീകരിച്ചവരുടെ വിവാഹത്തെ മാത്രമാണ് അലംഘനീയമായ കൗദാശികബന്ധമായി പരിഗണിക്കുന്നത്. ഇതിനെ ലംഘിക്കുന്ന സകല മാനുഷിക ഇടപെടലുകളും തെറ്റാണെന്ന് സഭയ്ക്ക് ഉത്തമബോധ്യമുണ്ട്. എന്നാൽ വിവാഹമോചനം, മിശ്രവിവാഹം, കൂടിത്താമസം തുടങ്ങിയ വിവിധ പ്രതിസന്ധികളാൽ വിശ്വാസയാത്രയിൽ ക്ലേശിക്കുന്ന തന്റെ മക്കളുടെ ദൗർബല്യത്തെക്കുറിച്ച് സഭാമാതാവിന് വേദനയുമുണ്ട്.

2014-ലെ സിനഡിലെ ചർച്ചകളെ അടിസ്ഥാനപ്പെടുത്തി രൂപപ്പെടുത്തിയ മാർഗ്ഗരേഖയാണ് 2015 ഒക്ടോബർ 4 മുതൽ 25 വരെയുള്ള മെത്രാൻസിനഡിന്റെ ഒരുക്കരേഖയായി പരി. പിതാവ് നിർദ്ദേശിച്ചിരി



ക്കുന്നത്. 'കുടുംബത്തിന്റെ വിളിയും ദൗത്യവും സഭയിലും ആനുകാലിക ലോകത്തിലും' എന്നതാണ് 2015-ലെ സാധാരണ സിനഡിന്റെ പ്രമേയം. ഈ സിനഡിൽ സാർവ്വത്രികസഭയിലെ മുഴുവൻ അംഗങ്ങളുടെയും ആശയങ്ങളും അഭിപ്രായങ്ങളും പ്രതിഫലിക്കണം എന്നതാണ് പരി. പിതാവിന്റെ ആഗ്രഹം. ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുവാനായി സിനഡിന് ഒരുക്കമായുള്ള മാർഗ്ഗരേഖ സഭയുടെ എല്ലാ തലങ്ങളിലും ചർച്ച ചെയ്യേണ്ടതുണ്ട്. ഇടവക, ഫൊറോന, രൂപതാ തലങ്ങളിൽ സമഗ്രമായ ചർച്ചകൾ നടത്തി രൂപതാതല റിപ്പോർട്ട് ക്രോഡീകരിച്ച് മാർച്ച് 20-ന് മുൻപായി സഭയുടെ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിലെ കാര്യാലയത്തിലേക്ക് അയച്ചുതരണം. കൂടാതെ മാർച്ച് 24-ാം തീയതി മൗണ്ട് സെന്റ് തോമസിൽ വച്ച് കുടുംബത്തെക്കുറിച്ച് സഭാതല പഠനസമ്മേളനവും നടത്തുന്നുണ്ട്.

സന്യാസസമൂഹങ്ങളും ഈ വിഷയം ചർച്ച ചെയ്ത് സമൂഹതലത്തിലുള്ള റിപ്പോർട്ട് പ്രസ്തുത തീയതിക്കു മുൻപായി സഭാകാര്യാലയത്തിൽ ഏല്പിക്കണം. കാരണം, സീറോ മലബാർ സഭയിലെ മുഴുവൻ രൂപതകളുടെയും സന്യാസഭവനങ്ങളുടെയും റിപ്പോർട്ടുകൾ ക്രോഡീകരിച്ച് ഏപ്രിൽ ആദ്യവാരത്തിൽ റോമൻ കൂരിയായിൽ സമർപ്പിക്കേണ്ടതാണ്.

നമ്മുടെ രക്ഷയ്ക്കായി നസ്രത്തിലെ തിരുക്കുടുംബത്തിൽ അവതരിക്കുകയും ദൈവപിതാവിന്റെ വലിയ കുടുംബത്തിലെ മക്കളാക്കി നമ്മെ ഉയർത്തുകയും ചെയ്ത ഈശോ നമ്മുടെ കുടുംബങ്ങളെ അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് എല്ലാ കുടുംബങ്ങളെയും ആശീർവദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**കർദ്ദിനാൾ ജോർജ് ആലഞ്ചേരി,**

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച് ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2015-ാം ആണ്ട് ജനുവരി മാസം 18 -ാം തിയതി നൽകപ്പെട്ടത്.

---

NB: ഈ സർക്കുലർ 2015 ഫെബ്രുവരി മാസം 15-ാം തിയതി ഞായറാഴ്ച (അല്ലെങ്കിൽ സൗകര്യപ്രദമായ മറ്റൊരു ഞായറാഴ്ച) കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# 2015 ഫെബ്രുവരി 8 തിരുബാലസഖ്യദിനം

## കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ ഏറ്റവും പ്രിയപ്പെട്ട മാതാപിതാക്കൻമാരേ, സഹോദരീസഹോദരന്മാരേ, കുഞ്ഞുമക്കളേ,

1. ഫെബ്രുവരിയിലെ രണ്ടാമത്തെ ഞായറാഴ്ചയാണ് എല്ലാവർഷവും തിരുബാലസഖ്യദിനമായി ആഗോളകത്തോലിക്കാസഭ ആചരിക്കുന്നത്. ബാല്യം മുതലേ ഈശോ മാതാപിതാക്കന്മാർക്ക് വിധേയനായി ജീവിച്ചുവെന്ന കാര്യം ഈ സുദിനത്തിൽ നമ്മുടെയെല്ലാം പരിചിന്തനത്തിനു വിധേയമാകണം.

2. നസ്രത്തിൽ യൗസേപ്പുപിതാവും പരിശുദ്ധ കന്യകാമറിയവും ഉണ്ണിയേശുവിൽ തിരുബാലനെ കണ്ടെത്തുന്നത് അവരുടെ ദൈവപദ്ധതിയുമായുള്ള പങ്കുചേരലിലാണ്. ഇന്നത്തെ മാതാപിതാക്കൻമാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്. ശുഭമായ ഭാവിക്കുവേണ്ടിയുള്ള ദൈവികപദ്ധതിക്ക് കൂട്ടുനിൽക്കുവാൻ മാതാപിതാക്കൻമാർ എപ്പോഴും ശ്രദ്ധിക്കേണ്ടതുണ്ട്.

3. കുട്ടികൾ പാറമേൽ പണിത ഭവനങ്ങൾ പോലെയാകണം. മാതാപിതാക്കന്മാരുടെ വിശ്വാസതീക്ഷ്ണതയും ആഴപ്പെട്ട ബോധ്യങ്ങളുടെ ദൃഢമായ സ്നേഹവുമുള്ള പാറമേൽ വേണം ബാല്യങ്ങളും കൗമാരങ്ങളും രൂപപ്പെടുവാൻ. രക്ഷകനായ യേശുവിൽ ദൃഢമായി വിശ്വസിക്കുകയും കത്തോലിക്കാസഭാചൈതന്യത്തിൽ ആയിരിക്കുകയും സാമൂഹിക പ്രതിജ്ഞാബദ്ധതയോടെ ജീവിക്കുകയും ചെയ്യുക എന്നത് ഈ ആഴപ്പെട്ട ജീവിതത്തിന് ആവശ്യമാണ്. ദൈനംദിന കുടുംബപ്രാർത്ഥനയും കൗദാശിക ജീവിതവും കുട്ടികളുടെ മതബോധനവും ഒക്കെ പ്രത്യേകം ശ്രദ്ധിക്കേണ്ട മേഖലകളാണ്.

4. ഇനി ഒരു സമർപ്പണ ചിന്തയാണ്. വളർത്തുന്നവൻ ദൈവമാണ് എന്ന സത്യം തിരിച്ചറിയുമ്പോൾ പരിശുദ്ധ അമ്മ ചെയ്തതുപോലെ ഓരോ കുഞ്ഞിനെയും ദൈവാലയത്തിൽ കൊണ്ടു ചെന്ന് ദൈവത്തിന് കാഴ്ചവയ്ക്കും. അതായത്, ദൈവപദ്ധതിക്ക് പൂർണ്ണമായും കുട്ടികളെ വിട്ടുകൊടുക്കും. അവരുടെ ജീവിതപാതകളെ മെനയുന്ന കർത്താവിന് അവരെ വിട്ടുകൊടുക്കുമ്പോൾ വിടുതലിന്റെ സ്വാതന്ത്ര്യവും നല്ല ദൈവത്തിലുള്ള കൂടുതലായ ആശ്രയബോധവും അവർക്ക് സ്വന്തമാകും. പൗരോഹിത്യ സന്യാസ ജീവിതാന്തസിലേക്കു നീങ്ങാനാഗ്രഹിക്കുന്ന കുട്ടികളുടെ മാതാപിതാക്കൻമാരും ബന്ധുക്കളും സുഹൃത്തുക്കളും അവരെ അതിന് അനുയോജ്യമായ രീതിയിൽ കൈപിടിക്കേണ്ടതാണ്. അതിനു തയ്യാറാവാതെ അവരുടെ സ്വപ്നങ്ങളെ വിലയിടിച്ചുകാണിക്കുകയും അവരെ അതിൽനിന്ന് പിന്തിരിപ്പിക്കുകയും ചെയ്യുന്നവർ ദൈവപദ്ധതിയോട് പടപൊരുതുകയാണ് ചെയ്യുന്നത്. കുഞ്ഞുങ്ങൾ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുവിൻ, അവരെ തടയരുത് എന്നത് ഒരു ദൈവകല്പനയായി നാം തിരിച്ചറിയണം.



5. ഓരോ കുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തിരഞ്ഞെടുക്കുവാൻ മാതാപിതാക്കൻമാരും അവരോട് ചേർന്ന് അദ്ധ്യാപകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. ഒരു വൈകാരിക വിസ്ഫോടനത്തിനു ശേഷമോ, മാതാപിതാക്കളുടെയും മുതിർന്നവരുടെയും പ്രീതിക്കുവേണ്ടിയോ ആവരുത് ഈ തിരഞ്ഞെടുപ്പുകൾ കുട്ടികൾ നടത്തുന്നത്. സമാധാനപൂർണ്ണവും സർഗ്ഗാത്മകവുമായ ഭാവിക്ക് ശരിയായ തിരഞ്ഞെടുപ്പുകൾ ആവശ്യമാണ്. ഇതിനു സഹായിക്കുവാൻ വൈദികരും, സന്യസ്തരും മറ്റ് ആദ്ധ്യാത്മിക ഗുരുക്കൻമാരും മുന്നോട്ടുവരണം. മക്കളെ നന്നായി വളർത്തുകയെന്നത് കുഞ്ഞുങ്ങൾ ദൈവം തന്ന ദാനമാണ് എന്ന തിരിച്ചറിവിൽ നിന്നു വരുന്ന ഉത്തരവാദിത്വമാണ്. ഇത് കൂടുതൽ തെളിയേണ്ട സാമൂഹിക സാഹചര്യങ്ങളുമാണ് ഇന്നുള്ളത്.

6. കുട്ടികളുടെ സുരക്ഷിതത്വ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. ശാരീരികവും ആദ്ധ്യാത്മികവുമായ അപകട മേഖലകൾ കൂടിവരുന്നത് നാം തിരിച്ചറിയണം. പല നഗരങ്ങളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരുടെയും അത് വിൽക്കുന്നവരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. മുതിർന്നവർ ലൈംഗികമായി കുട്ടികളെ ദുരുപയോഗം ചെയ്യാതിരിക്കാനും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്ക് കുട്ടികൾ കടന്നുചെല്ലാതിരിക്കാനും മാതാപിതാക്കൻമാർ നിതാന്തജാഗ്രത പുലർത്തേണ്ടതുണ്ട്.

7. വാട്സ് ആപ്പിലൂടെയും ഫെയ്സ്ബുക്കിലൂടെയും സെൽഫി ഫോട്ടോകൾ എടുത്ത് കുട്ടികൾ തങ്ങളെത്തന്നെ പ്രദർശിപ്പിക്കുന്ന പ്രവണത കൂടിവരുന്നു. തങ്ങളെത്തന്നെ എല്ലാവർക്കും വെളിപ്പെടുത്തുക വഴി അത്യാഗ്രഹികളായ കഴുകദൃഷ്ടികൾക്ക് അവർ ഇരയാവുകയാണ്. ഈ മേഖലയിൽ മാതാപിതാക്കളുടെ പ്രത്യേക ശ്രദ്ധ അനിവാര്യമാണ്. സോഷ്യൽ മീഡിയയിലൂടെയും ടെലിഫോൺ ഉപയോഗത്തിലൂടെയും കുട്ടികൾ വഴിതെറ്റാതിരിക്കുവാനും പ്രത്യേക ശ്രദ്ധ ആവശ്യമാണ്. കുട്ടികളുടെ അസാധാരണമായ പെരുമാറ്റങ്ങളും നിശ്ശബ്ദതകളും ഒക്കെ തിരിച്ചറിഞ്ഞ് മക്കളെ സുരക്ഷിതമായി നയിക്കുവാൻ എല്ലാ മാതാപിതാക്കൻമാരും ശ്രദ്ധിക്കണം.

8. സാമുദായിക സ്പർദ്ധയും, വർഗ്ഗീയവാദവും, തീവ്രവാദവും, ഒക്കെ നമ്മുടെ നാട്ടിലും കൂടുതൽ ശക്തി പ്രാപിക്കുകയാണ്. പ്രണയം

നടിച്ച് പ്രലോഭിപ്പിച്ചും മതം മാറ്റിയും തീവ്രവാദങ്ങളിലേക്കും മറ്റ് അപകട മേഖലയിലേക്കും കുട്ടികളെയും യുവതീയുവാക്കളെയും കടത്തിക്കൊണ്ടു പോകുന്ന സാഹചര്യങ്ങളും കൂടി വരുന്നു. കത്തോലിക്കാവിശ്വാസവും കുടുംബഭദ്രതയും മുറുകെ പിടിക്കുവാനും ക്രിസ്തുസമതയിൽ വളരുവാനും നാം കുട്ടികളെ പഠിപ്പിക്കേണ്ടതാണ്.

9. സഭയോടൊത്തു ചിന്തിക്കുവാനും പ്രവർത്തിക്കുവാനും കുട്ടികളെ പഠിപ്പിക്കുകയും വേണം. പൈശാചികവും തെറ്റിക്കുന്നതുമായ മേഖലകളിൽ നിന്നും കുട്ടികളെ ഒഴിവാക്കി നിർത്തുവാൻ സഭയോടും സഭാതനയരോടും ചേർന്ന് നിൽക്കുക, പ്രവർത്തിക്കുക അത്യാവശ്യമാണ്. കുടുംബയൂണിറ്റുകളുടെയും സഭാസംഘടനകളുടെയും പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാനും സഭാധികാരികളോട് സ്നേഹവും പരിഗണനയും ഉള്ളവരുമായി വളരാനും കുട്ടികളെ പ്രോത്സാഹിപ്പിക്കണം. സഭാചൈതന്യത്തിൽ കുട്ടികളെ വളർത്തുന്ന എല്ലാ മാതാപിതാക്കന്മാരേയും കേരള കത്തോലിക്കാ മെത്രാൻ സമതിയുടെ പേരിൽ ഞങ്ങളുടെ സ്നേഹവും നന്ദിയും അറിയിക്കുന്നു.

10. തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ നമ്മുടെ കുഞ്ഞുങ്ങളെ തിരുബാല്യത്തിലേക്ക് ഉയർത്തുവാൻ സഭയുടെ എല്ലാ ഘടകങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ ഇടയാകണം. അതിനാൽ പ്രിയ സഹോദരങ്ങളേ, നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്രനന്മയ്ക്കായി ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഈ തിരുബാലസഖ്യദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം. പീഠത്തിൻ മുകളിലെ പ്രകാശഗോപുരങ്ങളായി നമ്മുടെ കുട്ടികൾ വളരട്ടെ.

സ്നേഹപൂർവ്വം,

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് യൂഹാനോൻ മാർ ക്രിസോസ്റ്റോം**
വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് മാർ ജേക്കബ് മുരിക്കൻ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

---

NB: 2015 ഫെബ്രുവരി 8-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.



## രൂപതക്കച്ചേരി

### *C. 9 /2015* **Presbyterium**

The plenary meeting of the priests of the Eparchy will be held on Tuesday, February 10, 2015 from 10.00 am to 4.00 pm at NESTT, Muvattupuzha. All are expected to participate without fail.

*Bishop*

### *C. 10/2015* **അഖിലലോക രോഗീദിനം**

2015 ഫെബ്രുവരി 11-ാം തീയതി ബുധനാഴ്ച അന്താരാഷ്ട്ര ക്രൈസ്തവ സമൂഹം ലോകരോഗീദിനം ആചരിക്കുകയാണ്. ഈ ദിനാചരണത്തിന്റെ ഭാഗമായി നമ്മുടെ ഇടവകകളിൽ രോഗികളായി കഴിയുന്ന സഹോദരങ്ങൾക്കായി പ്രത്യേക പ്രാർത്ഥനാശുശ്രൂഷകൾ നടത്തുവാനും അവർക്ക് കുമ്പസാരിച്ച് വി. കുർബാന സ്വീകരിക്കുവാൻ വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കാനും ബ. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

*Bishop*

### *C. 11/2015* **സകല മരിച്ചവരുടെയും ഓർമ്മത്തിരുനാൾ**

നമ്മുടെ ആരാധനാക്രമ ചൈതന്യമനുസരിച്ച് സകല മരിച്ചവരുടെയും ഓർമ്മ ആഘോഷിക്കേണ്ടത് ദനഹാക്കാലത്തെ അവസാന വെള്ളിയാഴ്ചയാണ്. അതനുസരിച്ച് ഫെബ്രുവരി 13-ാം തീയതി നമ്മുടെ എല്ലാ ഇടവകകളിലും സിമിത്തേരി സന്ദർശനം നടത്തുകയും മരണംമൂലം നമ്മിൽനിന്ന് വേർപിരിഞ്ഞവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

*Bishop*

### *C.12/2015* **വലിയ നോമ്പാരംഭവും വിവാഹാഘോഷമുടക്കവും**

2015 ഫെബ്രുവരി 15-ാം തീയതി ഞായറാഴ്ച പാതിരാത്രിക്ക് വലിയനോമ്പ് ആരംഭിക്കുന്നു. വിഭൂതി തിങ്കൾ മുതൽ ഉയിർപ്പു ഞായർ വരെ വിവാഹാഘോഷം മുടക്കാണ്. ഒരു തരത്തിലും മാറ്റിവയ്ക്കാൻ സാധിക്കാത്ത ആഘോഷങ്ങൾ മാത്രമേ നോമ്പുകാലത്ത് നടത്താവൂ. അതും അനാർഭാടമായി നടത്തുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. അനാർഭാടമെന്നത് പരിപാടികളുടെ നടത്തിപ്പിലും ബാഹ്യമോടിയിലും ഭക്ഷണത്തിലുമെല്ലാം പാലിക്കപ്പെടേണ്ട ലാളിത്യമാണ്.

നോമ്പുകാലത്ത് വിവാഹം നടത്തിക്കിട്ടുവാൻ രൂപതക്കച്ചേരിയിൽ സമർപ്പിക്കുന്ന അപേക്ഷകൾ ശിപാർശ ചെയ്യുമ്പോൾ ബ. വികാരിയച്ചന്മാർ ഈ നിർദ്ദേശത്തിന്റെ അരൂപി ഉൾക്കൊള്ളണമെന്ന് ഓർമ്മിപ്പിക്കുന്നു.

മനസമ്മതമോ അതുപോലുള്ള മറ്റ് ആഘോഷങ്ങളോ നടത്തുമ്പോഴും നോമ്പിന്റെ ചൈതന്യം പാലിക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം. മനസമ്മതത്തിനുമുമ്പ് അനുവാദത്തോടെ വിവാഹം പരസ്യം ചെയ്യുകയും നോമ്പ് കഴിയുമ്പോൾ മനസമ്മതം നടത്തി ഏറെ താമസിയാതെ വിവാഹം ആശീർവദിക്കുകയും ചെയ്യാനുള്ള നടപടിക്രമം പാലിക്കാവുന്നതാണ്.

*Bishop*

## *C. 13/2015* Appointments and Transfers

| | | |
|---|---|---|
| **Parochial Vicars:** | | |
| Avarappattu Paul | : | Kaloor |
| Kizhakedath Mathew | : | Pannimattam |
| Kochuparambil George | : | Mamalakandam |
| Kodamullil Cyriac | : | Neyyassery |
| Koonanickal Joseph | : | Oonnukal |
| Maleparambil George | : | Vice Rector - Divine Mercy |
| Maliyeckal Antony | : | Alacode |
| Marappillil George | : | Karimannoor |
| Nedumthadathil Paulose | : | Nellimattam, Notary |
| Pulickal Joseph | : | Velielchal |
| Rathappillil Jacob | : | Divine Mercy, Vocation Promoter |
| Choorathotty James | : | Vazhakulam |
| Kallarackal Thomas | : | Karakunnam |
| Padinjattuvayalil John | : | Kadalikadu |
| Valiathazhathu Sebastian | : | Cathedral |
| **Vicars in charge:** | | |
| Chemparathy Geo | : | Vandamattam |
| Madathiparambil Francis | : | Thazhuvamkunnu |
| **Directors:** | | |
| Ezhumayil Joseph | : | Vijnanabhavan, Bible Apostolate |
| Karakombil Paul | : | Mathrudeepthi, Family Apostolate |
| Kanimattathil Sebastian | : | Yuvadeepthi, DCMS, Temperance Movement |

*Bishop*



## *C. 14/2015* പ്രാർത്ഥനാ ദിനം

എപ്പാർക്കിയൽ അസംബ്ലിക്ക് ഒരുക്കമായി എല്ലാ ഇടവകകളിലും ഒരു ദിവസം പ്രാർത്ഥനാദിനമായി ആചരിക്കുകയാണ്. ഫെബ്രുവരി 15 ഞായറാഴ്ച മുതൽ മെയ് 31 പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ വരെയുള്ള നൂറു ദിവസങ്ങളിലായിട്ടാണ് പ്രാർത്ഥനാദിനാചരണം നടത്തുന്നത്. അതിനുള്ള ക്രമീകരണം ഇതോടൊപ്പം ചേർത്തിട്ടുണ്ട്. അതനുസരിച്ച് ബഹു. വികാരിയച്ചന്മാർ പള്ളിയിൽ ഇക്കാര്യം അറിയിച്ച് ഒരു മണിക്കൂർ പൊതു ആരാധന നടത്തി എപ്പാർക്കിയൽ അസംബ്ലിയുടെ വിജയത്തിനായി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

*Bishop*

### Eparchial Assembly 2015 - Prayer Day

| | | | | |
|---|---|---|---|---|
| 1 | Alakode | 15 | Sun | Feb. |
| 2 | Ambikapuram | 16 | Mon | Feb. |
| 3 | Anchiri | 17 | Tue | Feb. |
| 4 | Anicadu | 18 | Wed | Feb. |
| 5 | Arakuzha | 19 | Thu | Feb. |
| 6 | Arikuzha | 20 | Fri | Feb. |
| 7 | Ayavana | 21 | Sat | Feb. |
| 8 | Bethlehem | 22 | Sun | Feb. |
| 9 | Cathedral | 23 | Mon | Feb. |
| 10 | Chalassery | 24 | Tue | Feb. |
| 11 | Cheenikuzhy | 25 | Wed | Feb. |
| 12 | Cheppukulam | 26 | Thu | Feb. |
| 13 | Chilavu | 27 | Fri | Feb. |
| 14 | Thattakuzha | 27 | Fri | Feb. |
| 15 | Chittoor | 28 | Sat | Feb. |
| 16 | Enanalloor | 1 | Sun | Mar. |
| 17 | Ezhalloor | 2 | Mon | Mar. |
| 18 | Inchathotty | 3 | Tue | Mar. |
| 19 | Inchoor | 4 | Wed | Mar. |
| 20 | Kadalikad | 5 | Thu | Mar. |
| 21 | Kadavoor | 6 | Fri | Mar. |
| 22 | Kaithapara | 7 | Sat | Mar. |
| 23 | Kalayanthany | 8 | Sun | Mar. |
| 24 | Kaliyar | 9 | Mon | Mar. |
| 25 | Kallanickal | 10 | Tue | Mar. |
| 26 | Kalloorkad | 11 | Wed | Mar. |
| 27 | Kaloor | 12 | Thu | Mar. |
| 28 | Karakunnam | 13 | Fri | Mar. |
| 29 | Karimannoor | 14 | Sat | Mar. |
| 30 | Kavakad | 15 | Sun | Mar. |
| 31 | Keerampara | 16 | Mon | Mar. |
| 32 | Kodikulam | 17 | Tue | Mar. |
| 33 | Koduvely | 18 | Wed | Mar. |
| 34 | Kolady | 19 | Thu | Mar. |
| 35 | Kottappady | 20 | Fri | Mar. |
| 36 | Kulappuram | 21 | Sat | Mar. |
| 37 | Kuninji | 22 | Sun | Mar. |
| 38 | Kuruppumpady | 23 | Mon | Mar. |
| 39 | Kuthumkal | 24 | Tue | Mar. |
| 40 | Kuttampuzha | 25 | Wed | Mar. |
| 41 | Mailacombu | 26 | Thu | Mar. |
| 42 | Malayinchy | 27 | Fri | Mar. |
| 43 | Malippara | 28 | Sat | Mar. |
| 44 | Mamalakandam | 6 | Mon | Apr. |
| 45 | Marady | 7 | Tue | Apr. |
| 46 | Marika | 8 | Wed | Apr. |
| 47 | Mathirappilly | 9 | Thu | Apr. |
| 48 | Meenkunnam | 10 | Fri | Apr. |
| 49 | Mekkadampu | 11 | Sat | Apr. |
| 50 | Mudavoor | 12 | Sun | Apr. |
| 51 | Mulappuram | 13 | Mon | Apr. |
| 52 | Mullaringad | 14 | Tue | Apr. |
| 53 | Mundanmudy | 15 | Wed | Apr. |
| 54 | Muthalakodam | 16 | Thu | Apr. |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 55 | Muttathupara | 17 | Fri | Apr. | 88 | Pooyamkutty | 14 | Thu | May |
| 56 | Muvattupuzha | 18 | Sat | Apr. | 89 | Manikandamchal | 14 | Thu | May |
| 57 | Muvattupuzha East | 19 | Sun | Apr. | 90 | Pothanikad | 14 | Thu | May |
| 58 | Nadukani | 20 | Mon | Apr. | 91 | Puliyanpara | 15 | Fri | May |
| 59 | Nadukara | 21 | Tue | Apr. | 92 | Punnamattam | 15 | Fri | May |
| 60 | Nakapuzha | 22 | Wed | Apr. | 93 | Purapuzha | 16 | Sat | May |
| 61 | Nediakad | 23 | Thu | Apr. | 94 | Rajagiri | 16 | Sat | May |
| 62 | Nazarethhill | 23 | Thu | Apr. | 95 | Pulikathotty | 16 | Sat | May |
| 63 | Ottalloor | 23 | Thu | Apr. | 96 | Randar | 17 | Sun | May |
| 64 | Nediasala | 24 | Fri | Apr. | 97 | Thalayanad | 17 | Sun | May |
| 65 | Nedungapra | 25 | Sat | Apr. | 98 | Thazhuvamkunnu | 18 | Mon | May |
| 66 | Neendapara | 26 | Sun | Apr. | 99 | Thennathoor | 18 | Mon | May |
| 67 | Nellikuzhy | 27 | Mon | Apr. | 100 | Thodupuzha | 19 | Tue | May |
| 68 | Nellimattam | 28 | Tue | Apr. | 101 | Thodupuzha East | 19 | Tue | May |
| 69 | Neriamangalam | 29 | Wed | Apr. | 102 | Thodupuzha Shrine | 20 | Wed | May |
| 70 | Neyyassery | 30 | Thu | Apr. | 103 | Thommankuth | 20 | Wed | May |
| 71 | Njarakad | 1 | Fri | May | 104 | Mannukad | 20 | Wed | May |
| 72 | Njayappilly | 2 | Sat | May | 105 | Thottakara | 21 | Thu | May |
| 73 | Oonnukal | 3 | Sun | May | 106 | Thrikariyoor | 21 | Thu | May |
| 74 | Paingottoor | 4 | Mon | May | 107 | Udumpannoor | 22 | Fri | May |
| 75 | Pallickamury | 5 | Tue | May | 108 | Kulappara | 22 | Fri | May |
| 76 | Pannimattam | 6 | Wed | May | 109 | Urulanthanny | 22 | Fri | May |
| 77 | Methotty | 6 | Wed | May | 110 | Kallelimedu | 22 | Fri | May |
| 78 | Parapuzha | 7 | Thu | May | 111 | Vadakode | 23 | Sat | May |
| 79 | Pareekanny | 8 | Fri | May | 112 | Vadattupara | 23 | Sat | May |
| 80 | Pazhampillichal | 9 | Sat | May | 113 | Vandamattam | 24 | Sun | May |
| 81 | Peringassery | 10 | Sun | May | 114 | Vannapuram | 25 | Mon | May |
| 82 | Uppukunnu | 10 | Sun | May | 115 | Vazhakala | 26 | Tue | May |
| 83 | Peringuzha | 11 | Mon | May | 116 | Vazhakulam | 27 | Wed | May |
| 84 | Perumannoor | 12 | Tue | May | 117 | Vazhappilly East | 28 | Thu | May |
| 85 | Perumballichira | 12 | Tue | May | 118 | Velielchal | 29 | Fri | May |
| 86 | Perumballoor | 13 | Wed | May | 119 | Vettampara | 30 | Sat | May |
| 87 | Ponnamthanam | 13 | Wed | May | 120 | Vettimattam | 31 | Sun | May |

### *C. 15/2015* **ആശംസകൾ**

രണ്ടരവർഷക്കാലത്തോളം വിജ്ഞാനഭവൻ ഡയറക്ടറായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചശേഷം യു.കെ. ബിർമിംഗ്ഹാം രൂപതയിൽ സേവനമനുഷ്ഠിച്ചുകൊണ്ട് സീറോമലബാർ സഭാംഗങ്ങളുടെ അജപാലന ശുശ്രൂഷ നടത്തുന്നതിനായി ഫെബ്രുവരി 14-ന് യാത്രതിരിക്കുന്ന ബഹു. നാമറ്റത്തിൽ സെബാസ്റ്റ്യൻ അച്ചന് സ്നേഹപൂർവം പ്രാർത്ഥനാശംസകൾ നേരുന്നു.

*Bishop*



### *C. 16/2015* **തിരുബാലസഖ്യദിനം**

ഈ വർഷം ഫെബ്രുവരി 8-ാം തീയതി ഞായറാഴ്ച സാർവത്രിക സഭയിൽ തിരുബാലസഖ്യദിനം ആചരിക്കുന്നു. സാധുകുട്ടികളെ സഹായിക്കാൻ അന്നേദിവസം പ്രത്യേകപിരിവ് നടത്തി കിട്ടുന്ന തുക രൂപത സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കുമല്ലോ.

*Protosyncellus*

### *C. 17/2015* **ദൈവരാജ്യം വാർഷിക വരിസംഖ്യ**

ദൈവരാജ്യത്തിന്റെ വാർഷിക വരിസംഖ്യ 2015 ഏപ്രിൽ 1 മുതൽ 100 ₹ യാക്കി വർദ്ധിപ്പിക്കുന്നതാണ്.

*Curia*

### *C. 18/2015* **സീറോ മലബാർ മിഷൻ ഞായർ പിരിവ്**

സീറോ മലബാർസഭയുടെ മിഷൻ ഞായർ പിരിവ് ജനുവരി 31-ന് മുമ്പായി രൂപതാകേന്ദ്രത്തിൽ ഏല്പിക്കാത്തവർ എത്രയും വേഗം അത് രൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കാൻ താല്പര്യപ്പെടുന്നു.

*Procurator*

### *Js. 2/2015* **ജൂബിലി സ്മാരക സ്കോളർഷിപ്പ്**

മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജതജൂബിലി സ്മാരക സ്കോളർഷിപ്പിലേയ്ക്ക് ഗുണഭോക്താക്കളെ ക്ഷണിക്കുന്നു. കോതമംഗലം, ഇടുക്കി രൂപതകളിൽപ്പെട്ട കത്തോലിക്കാകുട്ടികൾക്ക് മാത്രമാണ് അപേക്ഷിക്കുവാൻ അർഹതയുള്ളത്. താഴെ പേരുപറഞ്ഞിരിക്കുന്ന ഏതെങ്കിലും കോഴ്സിലേക്ക് 2015-2016 അദ്ധ്യയന വർഷം പ്രവേശനം പ്രതീക്ഷിക്കുന്നവരും ഇപ്പോൾ പഠനം നടത്തുന്നവരുമാണ് സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ടത്. ഒരിക്കൽ സ്കോളർഷിപ്പ് ലഭിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല.

Technical and Professional Studies at Graduate and Post Graduate levels in various branches of Medicine, Engineering, Nursing, Para-Medical courses, Computer Application (Master's Degree only) and Business / Banking Administration (Master's Degree only).

2015 മെയ് 23-ാം തീയതി ശനിയാഴ്ച പകൽ 10 മുതൽ 12 മണി വരെ കോതമംഗലം ബിഷപ്പ്സ് ഹൗസിൽവച്ച് നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. സൺഡേസ്കൂൾ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർ മാത്രമേ പ്രവേശന പരീക്ഷയിൽ പങ്കെടുക്കാവൂ. പ്രവേശനപരീക്ഷ

യിൽ വിജയിക്കുന്നതിന് 50% മാർക്ക് വാങ്ങേണ്ടതുണ്ട്. സ്കോളർഷിപ്പിന്റെ നിയമാവലിക്ക് കോതമംഗലം രൂപതാനിയമസംഗ്രഹം അനുബന്ധം 14 കാണുക.

**പ്രവേശന പരീക്ഷാ വിഷയങ്ങൾ**

Sunday School Texts - Standards IX, X, XI, XII, പൊതുവിജ്ഞാനം.

സ്കോളർഷിപ്പിനുവേണ്ടി അപേക്ഷിക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരുവിവരം ബഹു. വികാരിയച്ചന്മാർ താഴെ പറയുന്ന വിലാസത്തിൽ 2015 ഏപ്രിൽ 30-ാം തീയതിക്കകം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

The Secretary, Bishop Mar George Punnakottil Episcopal Silver Jubilee Memorial Education Society, Bishop's House, P.B. No. 6, Kothamangalam - 686 691 Tel : 0485 -2862236

*Secretary*

## മൈനർ സെമിനാരി

*MS 3 /2015* **നവവൈദികർക്ക് സ്വീകരണം**

നമ്മുടെ രൂപതയ്ക്കുവേണ്ടി പരിശീലനം പൂർത്തിയാക്കി വൈദികപട്ടം സ്വീകരിച്ച നവവൈദികർക്ക് ജനുവരി 14-ാം തീയതി മാതൃഭവനമായ മൈനർ സെമിനാരിയിൽ ഹൃദ്യമായ സ്വീകരണം നൽകി. നവവൈദികർ ആഘോഷമായ സമൂഹബലിയർപ്പിച്ചു. തുടർന്ന് സെമിനാരികുടുംബം അവരെ അനുമോദിച്ചു.

*MS 4 /2015* **Parents' Day**

മൈനർ സെമിനാരിയിലെ 'Parents' Day' 2015 ജനുവരി 26-ാം തീയതി തിങ്കളാഴ്ച നടന്നു. രാവിലെ 9.00 മണിയോടുകൂടി മാതാപിതാക്കന്മാരെല്ലാം തന്നെ എത്തി. ബ്രദേഴ്സും അച്ചന്മാരും ചേർന്ന് അവരെ ഹൃദ്യമായി സ്വീകരിച്ചു. തുടർന്ന് ഫാ. ജെയിംസ് കളപ്പുര ദിവ്യബലിയർപ്പിച്ചു. ദിവ്യബലിക്കുശേഷം അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ റെക്ടർ ഫാ. സ്റ്റാൻലി പുൽപ്രയിൽ ഏവരെയും ഹൃദ്യമായി സ്വാഗതം ചെയ്തു. സെമിനാരി



യുടെ ദൈനദിനം നടത്തിപ്പിനെക്കുറിച്ചും അച്ചൻ മാതാപിതാക്കന്മാർക്ക് വ്യക്തമായ ഒരു ചിത്രം നൽകി. സെമിനാരി പരിശീലനത്തിൽ മാതാപിതാക്കൾക്ക് ഗണ്യമായ പങ്കുവഹിക്കാനുണ്ടെന്ന് അഭിവന്ദ്യപിതാവ് അവരെ ഉദ്ബോധിപ്പിച്ചു. വൊക്കേഷൻ പ്രമോട്ടർമാരായ ഫാ. മാത്യൂസ് തേവർപാടം, ഫാ. ജേക്കബ് റാത്തപ്പിള്ളിൽ, ബ്രദേഴ്സിന്റെ പ്രതിനിധിയായി ബ്ര. ജോസ് മാങ്കുഴ എന്നിവരും ആശംസകളർപ്പിച്ചു. സാൻജോ ഗായകസംഘത്തിന്റെ ആശംസാഗാനത്തിനുശേഷം നടന്ന ചർച്ചയിൽ ഏവരും സജീവമായി പങ്കെടുത്തു. ഫാ. ജേക്കബ് കളപ്പുര ഏവർക്കും ഹൃദ്യമായി നന്ദി പ്രകാശിപ്പിച്ചു. ഫാ. ജോസഫ് കല്ലറയ്ക്കൽ ചടങ്ങുകൾക്ക് നേതൃത്വം നൽകി. തുടർന്നു നടന്ന സ്നേഹവിരുന്നോടെ ആഘോഷപരിപാടികൾ സമാപിച്ചു.

*MS 5 /2015* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | Ousepachan Plathottam, Thodupuzha | ₹ | 5000 |
| 2 | Fr. Paulose Nedumthadam | ₹ | 12000 |
| 3 | George Parankimalil, Nellimattam | ₹ | 5000 |
| 4 | Joseph Puthiaparambil, Nirmalamatha Muvattupuzha | ₹ | 5000 |
| 5 | Burse instituted in memory of Late Rev. Fr. Abraham Pulickal | ₹ | 100000 |
| 6 | Fr. George Kochuparambil | ₹ | 40000 |

*Rector*

## വിജ്ഞാനഭവൻ

*V. 10/2015* **വിശ്വാസപരിശീലകർക്കുള്ള ക്വിസ് മത്സരം- രൂപതാവിജയികൾ**

**സിസ്റ്റേഴ്സ്**

1. സി. ജോൺസി CMC, മാലിപ്പാറ
2. സി. വിമല CMC, കോഴിപ്പിള്ളി
3. സി. ഡെൽന CMC, രാജഗിരി

**അല്മായർ**

1. ശ്രീമതി റോസിലി ജോർജ് പുറ്റനാൽ, ആയവന
2. ശ്രീമതി സെലിഗ്വരിൻ ജോസഫ് കൂട്ടുങ്കൽ, ആലക്കോട്
3. ശ്രീമതി റോസമ്മ ജോർജ് തയ്യിൽ, കല്ലാനിക്കൽ

*V. 11/2015* **കോൺടാക്റ്റ് ക്ലാസ്സ് 2-ാം സെമസ്റ്റർ**

ഫെബ്രുവരി 7 ശനി

Contact Class II - Std. XI, XII

സ്ഥലം : നെസ്റ്റ്, മൂവാറ്റുപുഴ

സമയം : 9.30 a.m. – 4.30 p.m.

- ക്ലാസ്സിൽ പങ്കെടുക്കുവാൻ വരുന്നവർ ഉച്ചഭക്ഷണം കരുതണം.
- ഈ ക്ലാസ്സിൽ പങ്കെടുക്കാത്തവർക്കായി മറ്റൊരു ക്ലാസ്സ് ഉണ്ടായിരിക്കുന്നതല്ല.
- കോൺടാക്റ്റ് ക്ലാസ്സിൽ പങ്കെടുക്കാത്തവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതല്ല.
- XI, XII ക്ലാസ്സുകളിലെ നവോദയ സ്കൂളിലെ കുട്ടികൾ അവധിക്കാലത്ത് നിർബന്ധമായും ഒരു ധ്യാനത്തിൽ സംബന്ധിക്കണം.
- ഇന്റേണൽ അസ്സെസ്മെന്റ് മാർക്കിനു പകരമായി ഇത് പരിഗണിക്കുന്നതാണ്. XII - ാം ക്ലാസ്സിലെ കുട്ടികൾ മൂവാറ്റുപുഴ നെസ്റ്റിൽ (NESTT) വച്ച് നടക്കുന്ന ജീവിതദർശൻ ധ്യാനത്തിൽ സംബന്ധിക്കുന്നതാണ് ഉചിതം. ഇതു സംബന്ധിച്ച രേഖ ഹാജരാക്കിയാലേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.

*V. 12/2015* **അദ്ധ്യാപക സെമിനാർ**

**2015 ഫെബ്രുവരി 15 ഞായറാഴ്ച കോതമംഗലം കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ വച്ച് നടത്താനിരുന്ന അദ്ധ്യാപക സെമിനാർ ഉണ്ടായിരിക്കുന്നതല്ല.**

*V. 13/2015* **വിശ്വാസോത്സവം: വർക്ക് ബുക്ക് വിതരണം**

വിശ്വാസോത്സവത്തിനുള്ള വർക്ക് ബുക്കുകളുടെ വിതരണം വിജ്ഞാനഭവൻ ഓഫീസിൽ നിന്നും മാർച്ച് 5-ാം തീയതി മുതൽ ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. **വില 25 രൂപയാണ്. പുസ്തകവിതരണം ആരംഭിച്ചുവെന്നത് ഉറപ്പുവരുത്തിയതിനുശേഷം പുസ്തകം വാങ്ങാൻ വരിക.** അദ്ധ്യാപകർക്ക് വേണ്ടത്ര പരിശീലനവും പരിചയവും ലഭിക്കുന്നതിന് വേണ്ടി വർക്ക് ബുക്കുകൾ എത്രയും നേരത്തെ കൊണ്ടുപോകുവാൻ ബഹു. ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കുമല്ലോ.



നേരത്തെ തന്നിരുന്ന ഓർഡർ അനുസരിച്ചാണ് വർക്കുബുക്കുകൾ കൊണ്ടുപോകേണ്ടത്.

*V. 14/2015* **ലോഗോസ് സമ്മാനങ്ങൾ**

ലോഗോസ് സമ്മാനങ്ങൾ കൈപ്പറ്റാത്തവർ എത്രയും നേരത്തെ ഓഫീസിൽ നിന്നും കൈപ്പറ്റേണ്ടതാണ്.

*V. 15/2015* **സ്കോളർഷിപ്പ് പരീക്ഷ**

തീയതി : ഏപ്രിൽ 14 ചൊവ്വ

സമയം : 10.30 - 12.30

4, 7, 10 ക്ലാസ്സുകളിലെ കുട്ടികൾക്കായി ഒരുക്കുന്ന സ്കോളർഷിപ്പ് പരീക്ഷയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**പരീക്ഷാകേന്ദ്രങ്ങൾ**

| | | |
|---|---|---|
| Kothamangalam | - | SAGHS |
| Muvattupuzha | - | SAGHS |
| Vazhakulam | - | Little Theresa's GHS |
| Thodupuzha | - | St. Sebastian's UPS |
| Muthalakodam | - | St. George's HS |
| Karimannoor | - | Holy Family UPS |
| Paingottoor | - | St. Joseph HSS |

**പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:**

1. **എ, ബി ഫോമുകളിൽ 80% മാർക്കിൽ താഴെയുള്ളവരുടെ പേരുകൾ ശ്രദ്ധയിൽപ്പെട്ടു. അവരെ പരീക്ഷയ്ക്ക് പറഞ്ഞയയ്ക്കേണ്ടതില്ല.**
2. കുട്ടികളുടെ രജിസ്റ്റർ നമ്പർ എഴുതിയ ബി. ഫോം രണ്ടാം സെമസ്റ്റർ പരീക്ഷയുടെ ചോദ്യപേപ്പറിനോടൊപ്പം ഇടവകകളിലേക്ക് തരുന്നതാണ്. പരീക്ഷയ്ക്ക് വരുന്ന കുട്ടികളുടെ കൈവശം ബി ഫോം കൊടുത്തുവിടേണ്ടതാണ്.
3. എ ഫോമിലും ബി ഫോമിലും പേരില്ലാത്ത കുട്ടികളെ പരീക്ഷയിൽ പങ്കെടുപ്പിക്കാൻ പാടുള്ളതല്ല.

*V. 16/2015* **കോൺടാക്റ്റ് ക്ലാസ് – ധ്യാനം**

11, 12 ക്ലാസിൽ പ്രൈവറ്റായി രജിസ്റ്റർ ചെയ്ത കുട്ടികൾ കോൺടാക്റ്റ് ക്ലാസ്സിൽ പങ്കെടുക്കാത്തവർ ഉണ്ടെങ്കിൽ മൂവാറ്റുപുഴ നെസ്റ്റിൽ (NESTT) വച്ചു നടക്കുന്ന ധ്യാനത്തിൽ പങ്കെടുത്താൽ മാത്രമേ സർട്ടിഫിക്കറ്റ് തരികയുള്ളൂ. ഇക്കാര്യം ഹെഡ്മാസ്റ്റർമാർ കുട്ടികളെ അറിയിക്കുമല്ലോ. ധ്യാനത്തിന് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം. **ഫോൺ. 9497187834, 8281853557**

*V. 17/2015* **ആദ്യകുർബാന പുസ്തകം**

ആദ്യകുർബാനയ്ക്ക് ഒരുക്കത്തിനായുള്ള പുസ്തകം വിജ്ഞാനഭവൻ ബുക്ക്സ്റ്റാളിൽ നിന്ന് ലഭിക്കുന്നതാണ്. ക്ലാസ് തുടങ്ങുമ്പോൾ ഈ പുസ്തകം പ്രയോജനപ്പെടുത്തണമെന്ന് ഓർമ്മപ്പെടുത്തുന്നു.

*Director*

---

## Corporate Educational Agency

*Edn. 4 /2015* **അപേക്ഷാഫോറം**

2015-16 വർഷത്തിലേക്കുള്ള പ്രമോഷനും ട്രാൻസ്ഫറിനുമുള്ള അപേക്ഷാഫോറങ്ങൾ 01-03-2015 മുതൽ ഈ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. അപേക്ഷാഫോറങ്ങൾ പൂരിപ്പിച്ച് 31-03-2015-ന് മുമ്പ് ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. മുൻവർഷങ്ങളിൽ അപേക്ഷ നൽകിയിട്ടുള്ളവർ അപേക്ഷ നൽകേണ്ടതാണ്.

*Secretary*

---

## ചെറുപുഷ്പമിഷൻലീഗ്

*CML 4 /2015* **ധ്യാനം**

ചെറുപുഷ്പമിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ മാസത്തിൽ വിവിധ ബാച്ചുകളിലായി മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് ക്രിസ്റ്റീൻധ്യാനം നടത്തുന്നു.

സമയക്രമീകരണങ്ങൾ

1 യു.പി. വിഭാഗം ഏപ്രിൽ 12, 5.00 pm-ന് ആരംഭിച്ച് ഏപ്രിൽ 15, 2.00 pm-ന് സമാപിക്കുന്നു. (രജിസ്ട്രേഷൻ ഫീസ് 600 രൂപ)

2 HS വിഭാഗം ഏപ്രിൽ 16, 5.00 pm-ന് ആരംഭിച്ച് ഏപ്രിൽ 19, 2.00 pm-ന് സമാപിക്കുന്നു. (രജിസ്ട്രേഷൻ ഫീസ് 600 രൂപ)



3 അൾത്താരബാലന്മാർക്കായുള്ള ധ്യാനം ഏപ്രിൽ 25, 5.00 pm-ന് ആരംഭിച്ച് ഏപ്രിൽ 27, 4.00 pm-ന് സമാപിക്കുന്നു. (രജിസ്ട്രേഷൻ ഫീസ് 450 രൂപ)

ധ്യാനത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മാർച്ച് 31-ന് മുമ്പായി മിഷൻലീഗ് രൂപതാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പേര് രജിസ്റ്റർ ചെയ്യാനായി വിളിക്കേണ്ട നമ്പർ:

ഡയറക്ടർ - 9497187834

റവ. സി. സ്റ്റാൻലി FCC (ഓഫീസ് സെക്രട്ടറി) - 8281853557

*Director*

---

## കെ.സി.എസ്.എൽ.

*KCSL 2/2015* **സംസ്ഥാനസാഹിത്യോത്സവം**

കെ.സി.എസ്.എൽ. സംസ്ഥാന സാഹിത്യോത്സവത്തിൽ കോതമംഗലം രൂപതയ്ക്ക് മൂന്നാംസ്ഥാനം ലഭിച്ചു. മത്സരത്തിൽ പങ്കെടുത്ത് വിജയികളായ ഏവർക്കും അഭിനന്ദനങ്ങൾ!

1 സ്കോളർഷിപ്പ് HS - I
സ്റ്റെഫി മാത്യു & ബിൽന ബെന്നി SJHS, ആരക്കുഴ

2 കവിതാരചന HS - I
സോയ ബാബു SAGHSS, മൂവാറ്റുപുഴ

3 ബൈബിൾ വാക്യമത്സരം HS - I
ആഷിത ജോസ് & ദിവ്യ മാത്യു SAGHSS, കോതമംഗലം

4 കെ.സി.എസ്.എൽ. ക്വിസ് HSS - II
അലീന ജോസി & ഗ്രേസ് മരിയ ഷിബു SAGHSS, മൂവാറ്റുപുഴ

5 കെ.സി.എസ്.എൽ. ക്വിസ് UP - II
ഷേബ സിബി & ഡിൽന ജോമി, SAGHSS, മൂവാറ്റുപുഴ

6 കഥാരചന UP - II
ആൻമേരി എം. ആന്റണി SAGHSS, കോതമംഗലം

7 ചിത്രരചന HS - II
റോണി ലിൻസൺ, ജയ്റാണി EMHS, തൊടുപുഴ

8 ജനറൽ ക്വിസ് HSS - II

അലൈഡ ടോമി & ഉദയ ജോർജ് SJHSS, പൈങ്ങോട്ടൂർ

9 എവുപ്രാസ്യ ക്വിസ് HS - II

ആതിര ബേബി & ഡിന സാബു, SAGHSS, കോതമംഗലം

10 കെ.സി.എസ്.എൽ. ക്വിസ് HS - III

സ്റ്റെഫി അഗസ്റ്റിൻ & അലീന മാത്യു SAGHSS, മൂവാറ്റപുഴ

11 മറിയം ത്രേസ്യ ക്വിസ് HSS - III

ജിബിൽ പി. ചേറ്റൂർ & ജിന്റോ ജോസ് SGHSS, കോതമംഗലം

12 കൈയെഴുത്തുമാസിക II

സെന്റ് അഗസ്റ്റിൻസ് ഹയർ സെക്കന്ററി സ്കൂൾ, കോതമംഗലം

*KCSL 3/2015* **കെ.സി.എസ്.എൽ. നേതൃത്വപരിശീലന ക്യാമ്പ്**

കെ.സി.എസ്.എൽ. രൂപതാ നേതൃത്വപരിശീലന ക്യാമ്പ് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് 2015 ഏപ്രിൽ 27 വൈകുന്നേരം 5.00 മണിക്ക് ആരംഭിച്ച് ഏപ്രിൽ 29-ാം തീയതി 4.00 മണിക്ക് അവസാനിക്കുന്നു. ക്യാമ്പ് ഫീസ് 400 രൂപ. ഒരു സ്കൂളിൽ നിന്നും UP, HS, HSS വിഭാഗങ്ങളിൽ മൂന്ന് കുട്ടികൾക്ക് വീതമാണ് ക്യാമ്പിൽ പങ്കെടുക്കാൻ അവസരമൊരുക്കിയിരിക്കുന്നത്. ക്യാമ്പിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ കെ.സി.എസ്.എൽ. രൂപതാ ഓഫീസിൽ മാർച്ച് 31-ാം തീയതിക്കുമുമ്പായി പേര് രജിസ്റ്റർ ചെയ്യുക. വിളിക്കേണ്ട നമ്പർ :

റവ. സി. സ്റ്റാൻലി എഫ്.സി.സി. 8281853557

റവ. സി. ആൽഫി എസ്.എ.ബി.എസ്. 8281896178

Director

## യുവദീപ്തി

*YD 1 /2015* **രൂപതാ ഭാരവാഹികൾ**

2014 ഡിസംബർ 26, 27 തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് ഈ വർഷത്തെ രൂപതാ കൗൺസിൽ പ്രസിഡന്റ് ആൽബി കൊച്ചുവെമ്പിള്ളിയുടെ നേതൃത്വത്തിൽ നടന്നു. 2015 വർഷത്തെ ഭാരവാഹികളെ തിരഞ്ഞെടുത്തു.

പ്രസിഡന്റ് - ഫെബിൻ ഫ്രാൻസീസ് കട്ടയ്ക്കൽ



വൈസ് പ്രസിഡന്റുമാർ - സീലിയ ജോസ് ഇല്ലിക്കൽ
ബാനി ജോയി പള്ളിക്കുന്നേൽ

ജനറൽ സെക്രട്ടറി - ടോം സി ജോൺ ചക്കാലക്കുന്നേൽ

സെക്രട്ടറിമാർ - അനു ജോൺ വയലിൽ
അമൽ മാത്യു കല്ലിങ്കൽ
ജിന്റു മരിയ ജിജി മൈലാടൂർ
ജസ്റ്റിൻ ജോയി മാളിയേക്കൽ

ട്രഷറർ - ജോർജ് ജയിംസ് മാതാളികുന്നേൽ

*YD 2 /2015* **ഫൊറോന കൗൺസിലുകൾ**

ഫൊറോന തലത്തിൽ 2015 വർഷത്തെ ഭാരവാഹികളുടെ തിരഞ്ഞെടുപ്പുകൾ നടത്തി, പേരുകൾ കർമ്മപദ്ധതിയിൽ കൊടുക്കുവാൻ വേണ്ടി, ഫെബ്രുവരി 15-ാം തീയതിക്കുമുമ്പായി ഓഫീസിൽ എത്തിക്കുവാൻ വേണ്ട സജ്ജീകരണങ്ങൾ നടത്തി തരണമെന്ന് ഓർമ്മിപ്പിക്കുന്നു.

Director

## ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 4 /2015* **രൂപതാ കുടുംബ സംഗമം**

ഫാമിലി അപ്പോസ്റ്റലേറ്റ് രൂപത കുടുംബസംഗമം ഫെബ്രുവരി 21 ശനി 9.30 മുതൽ 3.30 വരെ വാഴക്കുളം വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ ഇടവകകളിലുമുള്ള ഫാമിലി അപ്പോസ്റ്റലേറ്റ് ഭാരവാഹികളും അവരുടെ കുടുംബാംഗങ്ങളുമാണ് ഈ സംഗമത്തിൽ പങ്കെടുക്കുന്നത്. റവ. ഡോ. സെബാസ്റ്റ്യൻ പഞ്ഞിക്കാരൻ (പ്രൊഫസർ, മംഗലപ്പുഴ സെമിനാരി) ക്ലാസ് നയിക്കും. തുടർന്ന് ഫൊറോന ഡയറക്ടർമാരുടെ കാർമ്മികത്വത്തിൽ വിശുദ്ധബലി അർപ്പിക്കും. ഉച്ചകഴിഞ്ഞ് 2 മണിക്ക് നടക്കുന്ന സമാപന സമ്മേളനം സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യും. മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ പിതാവ് അദ്ധ്യക്ഷത വഹിക്കും. രൂപതാ കുടുംബസംഗമത്തിന് ഒരുക്കമായി 12 ഫൊറോനകളിലും വിപുലമായ കുടുംബസംഗമങ്ങൾ ഇതിനോടകം നടന്നു കഴിഞ്ഞു.

*FA 5 /2015* **തെരഞ്ഞെടുത്തു**

ഫാമിലി അപ്പോസ്റ്റലേറ്റ് രൂപതാ ഭാരവാഹികളായി ആന്റണി രാജൻ മടേയ്ക്കൽ, മൂവാറ്റുപുഴ (വൈസ് പ്രസിഡന്റ്) ആൻസൺ കല്ലു

ങത്താഴെ, തൊമ്മൻ കുത്ത് (ജോയിന്റ് സെക്രട്ടറി) എന്നിവരെ തെരഞ്ഞെടുത്തു.

*Director*

---

## പ്രാർത്ഥനാഗ്രൂപ്പ്

*PG 1 /2015* **കരിസ്മാറ്റിക് നവീകരണം**

കരിസ്മാറ്റിക് നവീകരണം കോതമംഗലം സോണിന്റെ സോണൽ സർവീസ് ടീമിന്റെ 2015-2017 -ലെ നേതൃത്വത്തിന്റെ പുനഃസംഘടന 2015 ഫെബ്രുവരി മാസം 20, 21 തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടക്കുന്നു.

പുനഃസംഘടനയ്ക്ക് നേതൃത്വം നൽകുന്നത് കേരള സർവീസ് ടീം അംഗങ്ങളാണ്. KST ചെയർമാൻ റവ. ഫാ. സെബാസ്റ്റ്യൻ കറുകപ്പള്ളിയുടെ നേതൃത്വത്തിലുള്ള ടീം ആണ് രണ്ടു ദിവസമായി നടത്തുന്ന പുനഃസംഘടന പരിപാടികൾ നടത്തുന്നത്.

പുനഃസംഘടന സമിതിയിലും സോണൽ അഡ്വൈസറി കൗൺസിലി (ZAC) ലുമുള്ള അംഗങ്ങൾ എല്ലാവരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫെബ്രുവരി 20-ന് വൈകുന്നേരം 5 മണിക്ക് ആരംഭിച്ച് 21-ാം തീയതി ഉച്ചയ്ക്ക് 3.00 മണിക്ക് അവസാനിക്കുന്നു. രാത്രി താമസം വേണ്ടവർ മുൻകൂട്ടി കോ-ഓർഡിനേറ്ററെയോ സെക്രട്ടറിയെയോ അറിയിക്കേണ്ടതാണ്.

*Director*

---

## മാതൃദീപ്തി

*MD.4 /2015* **അനുമോദനങ്ങളും അഭിനന്ദനങ്ങളും**

2015 ജനുവരി 15-ന് മാതൃദീപ്തിയുടെയും ഫാമിലി അപ്പോസ്റ്റലേറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ രൂപതയിലെ നവവൈദികർക്ക് അനുമോദനങ്ങളും ആശംസകളും നൽകി ആദരിച്ചു.



*MD.5 /2015* **മാന്നാനം തീർത്ഥാടനം**

2015 ഫെബ്രുവരി 3-ാം തീയതി മാതൃദീപ്തി രൂപത, ഫൊറോന ഭാരവാഹികൾ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ മാന്നാനം ആശ്രമദൈവാലയം സന്ദർശിച്ച് വിശുദ്ധന്റെ മാദ്ധ്യസ്ഥ്യം തേടി പ്രാർത്ഥിക്കുന്നതിനായി തീർത്ഥാടനം നടത്തുന്നതാണ്.

*MD.6 /2015* **വിവാഹസഹായനിധി 2015**

നിർധനരായ പെൺകുട്ടികളുടെ വിവാഹത്തിനായി മാതൃദീപ്തി അംഗങ്ങൾ മുൻകാലങ്ങളിൽ ചെയ്തിരുന്നതുപോലെ വിവാഹസഹായനിധി സമാഹരിക്കുന്നു. മാതൃദീപ്തി അംഗങ്ങളുടെയും സന്മനസ്സുള്ള മറ്റ് സഹോദരങ്ങളുടെയും സംഭാവനയിലൂടെ ഇതിനുള്ള സമാഹരണം നടത്തണമെന്നാണ് നമ്മൾ ആഗ്രഹിക്കുന്നത്. സംഭാവന സമാഹരണത്തിനുള്ള കത്തുകളും കവറുകളും ഇടവകകളിൽ എത്തിക്കുന്നതാണ്. ബ. ഡയറക്ടർ അച്ചന്മാർ ഈ വിവാഹസഹായനിധി സമാഹരണത്തിന് നേതൃത്വം നൽകി സഹായിക്കുമല്ലോ.

*MD.7 /2015* **രൂപത എക്സിക്യൂട്ടീവും ഫൊറോന പ്രസിഡന്റുമാരുടെ സമ്മേളനവും**

2015 ഫെബ്രുവരി 7-ാം തീയതി ശനിയാഴ്ച 9.30 മുതൽ നെസ്റ്റിൽ വച്ച് മാതൃദീപ്തി രൂപത ഡയറക്ടർ ബഹു. പോൾ കാരക്കൊമ്പിലച്ചന്റെ നേതൃത്വത്തിൽ ഫൊറോന പ്രസിഡന്റുമാരുടെ ഒരു സമ്മേളനം നടത്തുന്നു. വിവാഹസഹായ ലഘുനിക്ഷേപപദ്ധതിയുടെ കവർ വിതരണവും അന്നു നടത്തുന്നതാണ്. ഈ കവറുകൾ മാർച്ച് 15-ന് ഫൊറോനകളിലും മാർച്ച് 24-ന് രൂപതയിലും തിരിച്ചേല്പിക്കേണ്ടതാണ്.

*Director*

---

## NESTT Programme

**Ph. 0485 - 2830033**

| | | | |
|---|---|---|---|
| Feb | 1 | - | JCI Meeting |
| " | 3 - 6 | - | വിവാഹഒരുക്ക സെമിനാർ |
| " | 7 - 8 | - | Catechism Contact Class |
| " | 10 | - | Presbyterium |
| " | 13 - 15 | - | Jesus Youth Programme |
| " | 18 - 20 | - | വിവാഹഒരുക്ക സെമിനാർ |
| " | 20 - 21 | - | Prayer Group Meeting |

*Director*

## വാർത്തയും വിശേഷങ്ങളും

### ദൈവദാസൻ പഞ്ഞിക്കാരനച്ചന്റെ കബറിടം തുറന്നു

ദൈവദാസൻ പഞ്ഞിക്കാരനച്ചന്റെ നാമകരണ നടപടികളുടെ ഭാഗമായി നടത്തിയ കബറിടം തുറന്നുള്ള കാനോനിക പരിശോധനയും ഭൗതികശേഷിപ്പുകളുടെ പുനഃസംസ്കരണവും തങ്കളം, ധർമ്മഗിരി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് 2014 നവംബർ 27-ന് നടത്തി.

അന്നു രാവിലെ 6 മണിക്ക് മാർ ജോർജ് പുന്നക്കോട്ടിലിന്റെ പ്രധാന കാർമ്മികത്വത്തിൽ നടത്തിയ ദിവ്യബലിയോടുകൂടി തിരുക്കർമ്മങ്ങൾ ആരംഭിച്ചു. തുടർന്ന് സിമിത്തേരിയിൽ വച്ചു നടത്തിയ കബറിടം തുറന്നുള്ള കാനോനിക പരിശോധനയ്ക്ക് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ നേതൃത്വം നൽകി. ഏകദേശം 3 മണിയോടുകൂടി ഭൗതികശേഷിപ്പുകൾ വിശ്വാസികൾ പ്രാർത്ഥനാപൂർവ്വം സന്ദർശിക്കുകയും തുടർന്ന് ഭൗതികശേഷിപ്പുകൾ ധർമ്മഗിരി പ്രൊവിൻഷ്യൽ ഹൗസിനോട് ചേർന്ന് പ്രത്യേകം തയ്യാറാക്കിയ കബറിടത്തിൽ പുനഃസംസ്കരിക്കുകയും ചെയ്തു. ധാരാളം ആളുകൾ അന്നത്തെ തിരുക്കർമ്മങ്ങളിൽ ആദ്യന്തം പങ്കെടുത്തു.

ദൈവദാസൻ പഞ്ഞിക്കാരനച്ചന്റെ കബറിടം സന്ദർശിച്ച് മാദ്ധ്യസ്ഥ്യം അപേക്ഷിക്കാനും അനുഗ്രഹങ്ങൾ പ്രാപിക്കാനും ധാരാളംപേർ വന്നുകൊണ്ടിരിക്കുന്നു. വിശ്വാസികൾക്ക് കബറിടത്തിൽ വന്നിരുന്ന് പ്രാർത്ഥിക്കാൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

Chancellor

---

### അറിവിന്റെ കലവറ നിറയ്ക്കാൻ ഒരു വർഷം നീണ്ടുനില്ക്കുന്ന ക്വിസ് മത്സരം

മുട്ടുചിറ പ്രീസ്റ്റ് ഹോമിൽനിന്നും പോളച്ചൻ നായ്ക്കരക്കുടി 2015 ഫെബ്രുവരി മുതൽ 2016 ഫെബ്രുവരി വരെ 12 മാസവും ലോഗോസ് ക്വിസ് മാതൃകയിൽ നടത്തുന്ന ക്വിസ് മത്സരത്തിൽ സൺഡേ സ്കൂൾ കുട്ടികൾ, മുതിർന്നവർ, സിസ്റ്റേഴ്സ് എന്നിവർക്ക് പങ്കെടുക്കാവുന്നതാണ്. സ്വന്തം ഭവനത്തിലിരുന്ന് പുസ്തകങ്ങൾ നോക്കിയും അറിവുള്ളവരോട് ചോദിച്ചും ഉത്തരം കണ്ടെത്താവുന്നതാണ്. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ പൂർണ്ണ വിലാസം, - ഫോൺ നമ്പർ, ഇ-മെയിൽ വിലാസം ഉണ്ടെങ്കിൽ അതും - പ്രായം, ജോലി, ഇടവക എന്നിവ



എഴുതി 5 രൂപയുടെ മൂന്ന് സ്റ്റാമ്പ് കവറിൽ ഇട്ട് അയയ്ക്കുക. വിഷയങ്ങൾ- ബൈബിൾപരം (പി.ഒ.സി.), മരിയോളജിപരം, സഭാപരം, സൺഡേ ശാലോം മുൻമാസ പത്രത്തിൽ നിന്നും 4 ചോദ്യങ്ങൾ-ക്യാഷ് അവാർഡ്, സർട്ടിഫിക്കറ്റ്, പുസ്തകങ്ങൾ, ശാലോം പത്രമാസികകൾ സൗജന്യമായി വർഷങ്ങളോളം. ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിക്കുന്ന ഇടവകയ്ക്കും, കൂടുതൽ പോയിന്റുകൾ നേടുന്ന ഇടവകയ്ക്കും പ്രത്യേക സമ്മാനങ്ങൾ.

കൂടതൽ വിവരങ്ങൾക്ക് വിളിക്കുക:

Paulachan Naikarakudy
Priest Home, Muttuchira, Kottayam 686 613
Mob. 9447946481
E-mail: paulachannaikarakudy@gmail.com

---

## രൂപതാദ്ധ്യക്ഷന്റെ ഡയറി

**ഡിസംബർ**

21 • നടുക്കര പള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും പുനർനിർമ്മിച്ച വൈദികമന്ദിരത്തിന്റെ വെഞ്ചരിപ്പ് നിർവഹിക്കുകയും ചെയ്തു.

22 • ബിഷപ്പ്സ് ഹൗസിൽ നടന്ന രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള പ്രഥമാദ്ധ്യാപകരുടെ സമ്മേളനത്തിൽ പങ്കെടുത്തു.

25 • ഊന്നുകൽ ലിറ്റിൽ ഫ്ളവർ ഫൊറോന ദൈവാലയത്തിൽ പിറവിത്തിരുനാൾ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

26 • വാഴക്കുളം ഇടവകാംഗമായ നെടുംതടത്തിൽ ബഹു. പൗലോസ് ഡീക്കന് വൈദികപട്ടം നൽകി.

• കല്ലൂർക്കാട് ഇടവകയിൽ നടന്ന ബൈബിൾ കൺവെൻഷന്റെ ഉദ്ഘാടനം നിർവഹിച്ചു.

27 • ഊന്നുകൽ ഇടവകാംഗമായ റാത്തപ്പിള്ളിൽ ബഹു. ജേക്കബ് ഡീക്കന് വൈദികപട്ടം നൽകി.

• മുതലക്കോടം ഇടവകാംഗമായ കൊച്ചുപറമ്പിൽ ബഹു. ജോർജ് ഡീക്കന് വൈദികപട്ടം നൽകി. പൗരോഹിത്യസ്വീകരണത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന കൊച്ചുപറമ്പിൽ ബഹു. ജോസഫ് അച്ചന് ആശംസകൾ അർപ്പിച്ചു.

- ആനിക്കാട് പള്ളിയിൽ പൗരോഹിത്യസ്വീകരണത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന ആരോലിച്ചാലിൽ ബഹു. സെബാസ്റ്റ്യൻ അച്ചന് ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

28 • കുറുപ്പംപടി ഇടവകാംഗവും വിൻസെൻഷ്യൻ സഭാംഗവുമായ മണ്ഡപത്തിൽ ബഹു. ജോസഫ് ഡീക്കന് വൈദികപട്ടം നൽകി.

29 • വെളിയേൽച്ചാൽ ഇടവകാംഗമായ അവരാപ്പാട്ട് ബഹു. പോൾ ഡീക്കന് വൈദികപട്ടം നൽകി.

30 • പെരുമ്പല്ലൂർ ഇടവകാംഗമായ കോടമുള്ളിൽ ബഹു. സിറിയക് ഡീക്കന് വൈദികപട്ടം നൽകി.

31 • പോത്താനിക്കാട് ഇടവകാംഗമായ മാറാപ്പിള്ളിൽ ബഹു. ജോർജ് ഡീക്കന് വൈദികപട്ടം നൽകി.

- ചിലവ് ഇടവകാംഗമായ ശ്രീ. ജോസ് ആലപ്പാട്ടിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

**ജനുവരി**

1 • കരിമണ്ണൂർ ഇടവകാംഗങ്ങളായ കിഴക്കേടത്ത് ബഹു. മാത്യു ഡീക്കനും മലേപ്പറമ്പിൽ ബഹു. ജോർജ് ഡീക്കനും വൈദികപട്ടം നൽകി.

- അഞ്ചിരി ഇടവകാംഗമായ കൂനാനിക്കൽ ബഹു. ജോസഫ് ഡീക്കന് വൈദികപട്ടം നൽകി.

2 • കർമ്മലീത്താ സന്യാസിനീസമൂഹത്തിലെ വാഴക്കുളം മഠാംഗമായ സി. റോമുള CMC യുടെ മൃതസംസ്കാരശുശ്രൂഷയ്ക്ക് വാഴക്കുളം മഠത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

- നെസ്റ്റിൽ അല്മായർക്കായുള്ള ദൈവശാസ്ത്ര കോഴ്സിന്റെ ഉദ്ഘാടനം നിർവഹിച്ചു.

3 • പൊന്നന്താനം ഇടവകാംഗമായ പുളിക്കൽ ബഹു. ജോസഫ് മ്ശംശാനയ്ക്ക് വൈദികപട്ടം നൽകി.

- തോട്ടക്കര പള്ളിയിൽ ഈശോസഭാംഗമായ വള്ളമറ്റം ബഹു. തോമസ് അച്ചന്റെ പൗരോഹിത്യസ്വീകരണത്തിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ആശംസകൾ അർപ്പിച്ചു സംസാരിച്ചു.
- വാഴക്കുളം കർമ്മലീത്ത ആശ്രമദൈവാലയത്തിൽ വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ പ്രഥമതിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

4 • കത്തീഡ്രൽ ഇടവകാംഗമായ മാളിയേക്കൽ ബഹു. ആന്റണി ഡീക്കന് വൈദികപട്ടം നൽകി.



5-9 • കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന മെത്രാന്മാരുടെ സിനഡിൽ പങ്കെടുത്തു.

6 • കല്ലാനിക്കൽ ഇടവകാംഗമായ ഇടശ്ശേരി ബഹു. മാത്യു അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

10 • മൂവാറ്റുപുഴ നിർമ്മല കോളേജിലെ പൂർവവിദ്യാർത്ഥികളുടെ സമ്മേളനത്തിൽ പങ്കെടുത്തു.

- രൂപതാ മതബോധനരംഗത്ത് സുദീർഘമായ സേവനം ചെയ്ത അദ്ധ്യാപകരെ അനുമോദിക്കുന്ന ചടങ്ങിൽ ആദ്ധ്യക്ഷ്യം വഹിക്കുകയും അവർക്ക് ഉപഹാരങ്ങൾ നൽകുകയും ചെയ്തു.

11 • പുന്നത്തുറ സെന്റ് തോമസ് പള്ളിയിൽ കുടുംബവിശുദ്ധീകരണവർഷത്തിന്റെ സമാപനത്തോടും സന്യാസവർഷത്തിന്റെ ആരംഭത്തോടും അനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

12 • നാകപ്പുഴ ഇടവകാംഗവും OCD സഭാംഗവുമായ വടക്കേഅറയ്ക്കൽ ബഹു. അലക്സ് ഡീക്കന് വൈദികപട്ടം നൽകി.

- OCD സഭാംഗമായ ബഹു. ബെർണഡീൻ അച്ചന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മുവാറ്റുപുഴ ലിസ്യു സെന്ററിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

16 • ആരക്കുഴ സെന്റ് ജോസഫ്സ് ഹൈസ്കൂളിന്റെ ശതാബ്ദി ആഘോഷസമാപനസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു സന്ദേശം നൽകി.

17 • തൊടുപുഴ റാണിഗിരി (CMC) മഠത്തിന്റെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും പുതുതായി നിർമ്മിച്ച ബലിപീഠം കൂദാശ ചെയ്യുകയും ചെയ്തു.

19 • കോതമംഗലം കത്തീഡ്രലിൽ പുളിക്കൽ സാമുവലിന്റെ പ്രവേശക കൂദാശ സ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

20 • തൊടുപുഴ അംബിക ഹോസ്റ്റലിൽ പുതുതായി നിർമ്മിച്ച കപ്പേളയുടെ കൂദാശകർമ്മം നിർവഹിച്ചു.

- പുറപ്പുഴ സെന്റ് സെബാസ്റ്റ്യൻസ് സ്കൂളിന്റെ വാർഷികത്തോടും പുതുതായി അനുവദിച്ച പ്ലസ്ടു സ്കൂളിന്റെ ഉദ്ഘാടനത്തോടുമനുബന്ധിച്ചു നടന്ന മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.
- കുത്തുങ്കൽ ഇടവകയിൽ CST സന്യാസവൈദികരുടെ പുതുതായി നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു.

## Bishop's Engagements

**FEBRUARY 2015**

| | | | | |
|---|---|---|---|---|
| 2 | Mon | Holy Qurbana | Vazhakulam | 4.30 pm |
| 3 | Tue | Holy Qurbana | Mullaringad | 4.00 pm |
| 4 | Wed | Baptism | Vadattupara | 8.00 am |
| | | Meeting | Bishop's House | 10.00 am |
| 5 | Thu | Holy Qurbana | SD Provincial House | 6.15 am |
| 6 | Fri | Holy Qurbana | Cathedral | 7.00 am |
| | | | Visitors' Day | |
| 7 | Sat | Meeting | Muvattupuzha | 11.00 am |
| | | Meeting | Ayavana | 4.00 pm |
| 8-9 | Sun,Mon | Engaged | | |
| 10 | Tue | Presbyterium | NESTT | 9.30 am |
| | | Monthly Recollection | Vijayapuram | 6.00 pm |
| 11 | Wed | Holy Qurbana | Vazhakulam | 5.00 pm |
| 12 | Thu | Blessing | Kuruppumpady | 6.45 am |
| | | Meeting | Minor Seminary | 6.00 pm |
| 13 | Fri | Holy Qurbana | Ezhukumvayal | 4.00 pm |
| 14 | Sat | Engaged | | |
| 15 | Sun | Holy Qurbana & Blessing | Mathirappilly | 7.15 am |
| 17 | Tue | Holy Qurbana & Blessing | Purapuzha | 4.30 pm |
| 18-19 | Wed-Thu | Engaged | | |
| 20 | Fri | Visitors' Day | | |
| 21 | Sat | Meeting | NESTT | 2.30 pm |
| | | Meetng | Muvattupuzha | 6.00 pm |
| 24-25 | Tue-Wed | Seminary Commission | | |
| 26-28 | Thu-Fri | Engaged | | |

### നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. തോമസ് ചെമ്പരത്തി | ചരമദിനം | 03-03-1974 |
| ഫാ. സ്റ്റനിസ്ലാവൂസ് നെടുമ്പുറം | ” | 07-03-2008 |
| ഫാ. ജോർജ് പച്ചയിൽ | ” | 08-03-1981 |
| ഫാ. ജോസഫ് കൊച്ചുമുട്ടം | ” | 10-03-1960 |
| ഫാ. ജോസഫ് കുഴികണ്ടത്തിൽ | ” | 11-03-2000 |
| ഫാ. ജോസഫ് മൂലേക്കുടി | ” | 22-03-1972 |



## നിര്യാതരായി



### റവ. ഫാ. മാത്യു ഇടശ്ശേരി

ഇടവക : കല്ലാനിക്കൽ
ജനനം : 20-08-1944
തിരുപ്പട്ടം : 20-12-1969
മരണം : 02-01-2015
മൃതസംസ്കാരം : 06-01-2015

**സേവനരംഗങ്ങൾ**

അസ്തേന്തി – ഇരട്ടയാർ, നാകപ്പുഴ, പാറത്തോട്, മുക്കുടം

വികാരി – ഉദയഗിരി, കാഞ്ചിയാർ, ചുരുളി, പൊട്ടൻകാട്, ചിലവ്, തൊമ്മൻകുത്ത്, വെട്ടിമറ്റം, പെരുമണ്ണൂർ, ബത്‌ലഹേം, നെല്ലിമറ്റം, തോട്ടക്കര, പുറപ്പുഴ, വണ്ടമറ്റം

### സി. റോമുള CMC (മണമേൽ)

ഇടവക : ചങ്ങനാശ്ശേരി
ജനനം : 22-08-1925
ആദ്യവ്രതം : 09-02-1950
നിത്യവ്രതം : 02-01-1956
മരണം : 31-12-2014
മൃതസംസ്കാരം : 02-01-2015 (വാഴക്കുളം മഠം)

### സി. ലൂസി MSJ

ഇടവക : തൃക്കാരിയൂർ
ജനനം : 04-03-1932
ആദ്യവ്രതം : 10-09-1957
നിത്യവ്രതം : 08-09-1963
മരണം : 22-01-2015
മൃതസംസ്കാരം : 23-01-2015 (ധർമ്മഗിരി പ്രൊവിൻഷ്യൽ ഹൗസ് തങ്കളം)